യു.എസ്. ട്രിബ്യൂൺ

എഡിറ്റോറിയൽ

# ലോകത്തിന്റെ ഗതി

ലോകം മനുഷ്യന്റെ ചിന്തകൾക്ക് അതീതമായി മാറ്റങ്ങൾക്ക് വിധേയപ്പെടുകയാണ്. 2014–2015 ന്റെ ആരംഭവും മനുഷ്യ മനസ്സാക്ഷിയെ മരവിപ്പിക്കുന്ന സംഭവങ്ങളുമാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ക്രൈസ്തവ സമൂഹവും സ്ഥാപനങ്ങളും പരക്കെ ആക്രമിക്കപ്പെട്ട്, ദുർഘടം നിറഞ്ഞ സ്ഥിതിവിശേഷത്തിൽക്കൂടിയാണ് കടന്നുപോയത്. ഐഎസ് ഐഎസ് തീവ്രവാദികളുടെ കിരാത പ്രവർത്തനങ്ങൾക്ക് വേദിയാക്കുകയായിരുന്നു ഇറാക്കും സിറിയയും. നിരവധിപേരെ ബന്ധികളാക്കി പച്ചയോടെ കഴുത്തറുത്ത് ഭീകരതയുടെ താണ്ഡവമാടുകയായിരുന്നു ഈ നിമിഷം വരെ. 250 ൽ അധികം ക്രൈസ്തവരെ ബന്ധികളാക്കി വിലപേശുന്ന ഐഎസ് ഐഎസ് തീവ്രവാദികൾ ലോക മനസ്സാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. ഭാരതത്തിൽ ബിജെപിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, ഘർവാപ്പസി പോലുള്ള മത പരിവർത്തന പ്രവർത്തനങ്ങൾ രാജ്യവ്യാപകമായി അവലംബിക്കുവാൻ ശ്രമിച്ചത് വൻ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു.

ആർഎസ്എസിന്റെയും വിശ്വ ഹിന്ദു പരിക്ഷത്തിന്റെയും നിഗൂഢത നിറഞ്ഞ മതേതര ഐക്യത്തിന് തുരങ്കം വയ്ക്കുന്ന നടപടികളുമായി മുമ്പോട്ടു പോകുന്നതുകൊണ്ട് രാഷ്ട്രത്തിന്റെ ഭാവിയെത്തന്നെ ബാധിക്കുന്ന തരത്തിലേക്ക് സംഗതികൾ മാറിക്കഴിഞ്ഞു. ആർഎസ്എസ് തലവൻ മോഹൻഭഗത് മദർ തെരേസയെക്കുറിച്ചു നടത്തിയ പ്രസംഗം ക്രൈസ്തവ സമൂഹത്തെ വൃണപ്പെടുത്തിയിട്ടുണ്ട്. മദർതെരേസയെപ്പോലുള്ള മിഷണറി വനിതകൾ ഭാരതത്തിലെ ഇരുളടഞ്ഞ സാഹചര്യങ്ങളിൽ നിന്നും പാപപ്പെട്ടവരുടെയും നിരാലംബരുടെയും കുഷ്ഠരോഗികളുടെയും വേദനകളേ ഒപ്പി ആശയ്ക്കു ചിറകു മുളപ്പിച്ചതിൽ ഇന്ത്യൻ മിഷനറിമാരുടെ പങ്കാളിത്തം വലുതാണ്. മദർ തെരേസ, വില്യം കേറി, ഐഡസ്കഡർ, കുക്ക്സായിപ്പ്, തുടങ്ങി നീണ്ടു പോകുന്നു മിഷനറിമാരുടെ നിര. ഭാരതത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുന്ന മതഭ്രാന്തന്മാരുടെ മതലൗകീക നയങ്ങൾ മനുഷ്യന്റെ സമാധാനത്തിനും സ്വസ്ഥതയ്ക്കും ഭംഗം വരുത്തുന്നു.

ഇന്ത്യയുടെ ഭൗതിക ഉയർച്ചയ്ക്കൊപ്പം തന്നെ മതസൗഹാർത്തത്തിലെ വിള്ളലുകൾ വിദേശ തൊഴിൽ ദാതാക്കളുടെ ഉയർച്ചയ്ക്കു തടസ്സമാണ്. ഒരു നല്ല ഭാരതത്തിന്റെ ശില്പികളായി, ഭാരതത്തിന്റെ ഉയർച്ചയ്ക്ക് ആണിക്കല്ലുകളായി മാറുവാൻ ഓരോ പൗരനും കഴിയുമ്പോഴാണ് രാഷ്ട്രത്തിന്റെ യഥാർത്ഥ കർത്തവ്യം നിറവേറ്റുന്നത്. വിദേശങ്ങളിൽ കുടിയേറിയിട്ടുള്ള പ്രവാസി മലയാളികൾക്കും ജന്മനാടിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ കഴിയുന്നത് രാഷ്ട്രത്തിന്റെ യശസ്സ് ഉയരുന്നതിന് കാരണമാകും. അത് രാഷ്ട്രത്തിന്റെ വികസനത്തോടൊപ്പം തന്നെ സഹജീവികളോടും ''അനുകമ്പയും കരുണയും'' നമ്മുടെ മുദ്രാവാക്യങ്ങൾ ആണെങ്കിൽ ലോകത്തിന്റെ ഗതിയെ മാറ്റി മറിക്കുവാൻ നമുക്കു കഴിയും.



*വർഗ്ഗീസ് മാത്യു*
**ചീഫ് ഇൻ ഓപ്പറേഷൻസ്**




മിഷനറി ജീവിതം

# അസ്സീസിയിലെ ഫ്രാൻസീസ്

## ദരിദ്രരോട് താദാത്മ്യം പ്രാപിച്ചവൻ.



ഒരിക്കൽ റോമിലേക്ക് തീർത്ഥാടനം നടത്തിയ ഒരു ചെറുപ്പക്കാരൻ അവിടെ ഒരു യാചകനെ കാണുവാൻ ഇടയായി. നിറം മങ്ങി പിഞ്ചി തൂങ്ങിയ വസ്ത്രം ധരിച്ചിരുന്ന ആ യാചകൻ പ്രതീക്ഷയോടെ ആ ചെറുപ്പക്കാരനെ സമീപിച്ചു. ചില നാണയത്തുട്ടുകൾ പ്രതീക്ഷിച്ചെത്തിയ യാചകനെ അമ്പരപ്പിച്ചുകൊണ്ട് ആ ചെറുപ്പക്കാരൻ തന്റെ വസ്ത്രം യാചകനുമായി വെച്ചുമാറി. ആ ചെറുപ്പക്കാരൻ ആസ്സീസിയിലെ ഫ്രാൻസീസ് ആയിരുന്നു.

പിയാട്രോ ഡെ ബർണാടോണിന്റെയും പിക്കായുടേയും പുത്രനായ ഫ്രാൻസീസ് 1181 ൽ ഇറ്റലിയിലെ അസ്സീസിയിൽ ജനിച്ചു. ഫ്രാൻസീസിന്റെ പിതാവായ പിയാട്രോ സമ്പന്നനായ ഒരു വസ്ത്ര വ്യാപാരിയായിരുന്നു. മാതാപിതാക്കളുടെ സ്നേഹ പരിലാളനയുടെയും, സമ്പൽസമൃദ്ധിയുടെയും മദ്ധ്യത്തിൽ ഒരു രാജകുമാരനെപ്പോലെ ഫ്രാൻസീസ് വളർന്നു. അക്കാലത്ത് നല്കാമായിരുന്നതിലേക്കും മെച്ചമായ വിദ്യാഭ്യാസം ആ മാതാപിതാക്കൾ ഫ്രാൻസീസിന് നൽകി.

ഫ്രാൻസീസിന് 21 വയസ്സുള്ളപ്പോഴാണ് അസ്സീസി, പെറുജിയ എന്ന വ്യാപാര പട്ടണവുമായി യുദ്ധത്തിൽ ഏർപ്പെടുന്നത്. അക്കാലത്ത് ജോലിയൊന്നും ഇല്ലാതിരുന്ന ഫ്രാൻസീസ് 1202 ൽ അസ്സീസിയുടെ സംരക്ഷണാർത്ഥം പട്ടാളത്തിൽ ചേർന്നു. എന്നാൽ അനാരോഗ്യം നിമിത്തം പട്ടാളത്തിൽ തുടരാനാവാതെ അദ്ദേഹം ഔദ്യോഗിക ജീവീതത്തിന് വിരാമം കുറിച്ചു.

1205 ൽ റോമിലേക്ക് നടത്തിയ ഒരു തീർത്ഥയാത്രയാണ് ഫ്രാൻസീസിന്റെ ജീവിത്തെ മാറ്റിമറിച്ചത്. അവിടെ കണ്ടുമുട്ടിയ ഒരു ഭിക്ഷക്കാരന് തന്റെ വിലകൂടിയ വസ്ത്രം ഫ്രാൻസീസ് നൽകുകയും പകരം ഭിക്ഷക്കാരന്റെ വസ്ത്രം വാങ്ങി ധരിക്കുകയും ചെയ്തു. അത് ദരിദ്രർക്കുവേണ്ടി ദരിദ്രനായി ജീവിക്കുവാനുള്ള തുടക്കത്തിന് റോമിൽ വച്ച് ആരംഭം കുറിക്കുകയായിരുന്നു.

അവഗണിക്കപ്പെട്ടവരെ സഹായിക്കുവാനും മറ്റു പ്രവർത്തനങ്ങൾക്കുമായി പിതൃസ്വത്ത്, കുതിര എന്നിവ വിറ്റു. കുഷ്ടരോഗികളെ ശുശ്രൂഷിക്കുകയും ദരിദ്രരെ സഹായിക്കുകയും ചെയ്ത ഫ്രാൻസീസിന്റെ ഏക ലക്ഷ്യം യേശുവിന്റെ പാത പിൻതുടരുക എന്നതായിരുന്നു.

ഒരു ദിവസം പള്ളിയിൽ ആരാധന സമയത്ത് മത്തായി 10. 7–19 വരെയുള്ള ദൈവവചനം ശ്രവിച്ച് യേശു ശിഷ്യന്മാരെ പ്രേഷിത ദൗത്യത്തിന് അയയ്ക്കുന്ന രംഗം ആദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. സത്യത്തിൽ ഈ വാക്യങ്ങളിലൂടെ ഫ്രാൻസീസ് ദൈവശബ്ദം കേൾക്കുകയായിരുന്നു. ആ വിളി

**ഫ്രാൻസീസിന് 21 വയസ്സുള്ളപ്പോഴാണ് അസ്സീസി, പെറുജിയ എന്ന വ്യാപാര പട്ടണവുമായി യുദ്ധത്തിൽ ഏർപ്പെടുന്നത്. അക്കാലത്ത് ജോലിയൊന്നും ഇല്ലാതിരുന്ന ഫ്രാൻസീസ് 1202 ൽ അസ്സീസിയുടെ സംരക്ഷണാർത്ഥം പട്ടാളത്തിൽ ചേർന്നു. എന്നാൽ അനാരോഗ്യം നിമിത്തം പട്ടാളത്തിൽ തുടരാനാവാതെ അദ്ദേഹം ഔദ്യോഗിക ജീവിതത്തിന് വിരാമം കുറിച്ചു.**

യിൽ നിന്നും ഉൾക്കൊണ്ട നിയോഗാർത്ഥം താപസന്റെ വസ്ത്രം അഴിച്ചുവെച്ചിട്ട് നഗ്നപാദനായ ഒരു സുവിശേഷ പ്രസംഗകനായി അദ്ദേഹം ഇറങ്ങി.

സന്യാസസമൂഹത്തിന്റെ സംസ്ഥാപകനായ ഫ്രാൻസീസിന്റെ ഹൃദയത്തിൽ ഒരിക്കലും ഇത്തരത്തിലുള്ള ഒരാഗ്രഹം ഉണ്ടായിരുന്നില്ല. ''ദൈവത്തേയും ദരിദ്രരേയും സ്നേഹിക്കുവാനും സേവിക്കുവാനും ആവശ്യമായ സ്വാതന്ത്ര്യം കിട്ടണമെങ്കിൽ ധനം നിരസിക്കാൻ കഴിയണം.'' ഈ ആശയങ്ങളിൽ അടിയുറച്ച് മുന്നോട്ടു നീങ്ങിയ ഫ്രാൻസീസിന് ധാരാളം അനുയായികൾ ഉണ്ടായി. ആങ്ങനെ ഇവർ ''ചെറിയ സഹോദരങ്ങൾ'' എന്ന പേരു സ്വീകരിച്ചു. അങ്ങനെ ലോകത്തിൽ ആദ്യത്തെ സന്യാസസമൂഹം ഉദയം ചെയ്യുകയായിരുന്നു.

ഫ്രാൻസീസിന്റെ ജീവിതം ദൈവസ്നേഹത്താൽ പ്രചോദിതമായിരുന്നു. ഫ്രാൻസീസ് അദ്ദേഹത്തിന്റെ പ്രവർത്തന മേഖല ഇറ്റലിയിൽ മാത്രമല്ല വടക്കെ അഫ്രിക്ക ലക്ഷ്യമാക്കി സുവിശേഷ പ്രസംഗത്തിനായി സ്പെയിനിലേക്ക് പോയി. 1224 ആയപ്പോഴേക്കും ആശ്രമങ്ങളുടെ നിയന്ത്രണം പൂർണ്ണമായും ഫ്രാൻസീസിന്റെ കരങ്ങൾക്ക് അന്യമായി. ഇത് ഫ്രാൻസീസിനെ ഏകാന്തജീവിതത്തിലേക്ക് നയിച്ചു. യേശുവിന്റെ മുറിവുകൾ ശരീരത്തിൽ വഹിച്ചുകൊണ്ട് ജീവിച്ച് അദ്ദേഹത്തിന്റെ ആരോഗ്യം നാൾക്കുനാൾ ശോഷിച്ചു വന്നു. 1226 ൽ ഒക്ടോബർ മാസം 3–ാം തീയതി ഇഹലോകവാസം വെടിഞ്ഞു. 1228 ജൂലൈ 16ന് അന്നത്തെ പോപ്പ് ആയിരുന്ന ജോർജ്ജ് IX ഫ്രാൻസീസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. അസ്സീസിയിലെ ഫ്രാൻസീസ് ഇന്നും അനേകർക്ക് ഒരു വെല്ലുവിളിയായി ശോഭിക്കുന്നു.




പേജ് 1 ൽ നിന്ന് തുടർച്ച

## എപ്പിസ്കോപ്പൽ സഭകളിലെ വിശ്വാസികളിൽ...

മില്ലാ എന്ന് അവർ വാദിക്കുന്നു. അതേസമയം കർത്താവായ യേശു ക്രിസ്തു സ്നാപക യോഹന്നാനിൽ നിന്ന് യോർദ്ദാൻ നദിയിൽ സ്നാനമേറ്റപ്പോൾ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങുകയും ''ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്നുള്ള സ്വർഗ്ഗീയ അശരീരി ഉണ്ടാകുകയും ചെയ്തു. പെന്തക്കോസ്ത് നാളിൽ കൂടിയിരുന്നവരുടെ മേൽ പരിശുദ്ധാത്മാവ് വ്യാപരിക്കുകയും അവർ അന്യ ഭാഷയിൽ സംസാരിക്കുകയും ചെയ്തു എന്ന് വേദ പുസ്കത്തിൽ പ്രതിപാദിക്കുന്നുണ്ട്. യേശുക്രിസ്തു അവസാന നാളിൽ തന്റെ ശിഷ്യന്മാരോട് പറഞ്ഞത് ''നിങ്ങൾ ഭൂലോകമൊക്കെയും പോയി, വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും ചെയ്യുന്നവരെ സ്നാനപ്പെടുത്തി സഭയോടു ചേർക്കുവാനുള്ള ആഹ്വാനം'' നൽകുന്നുണ്ട്.

എപ്പിസ്കോപ്പൽ സഭ മുങ്ങൽ സ്നാനത്തിനും പരസ്യമായ അന്യ ഭാഷയ്ക്കും എതിരാണ്. എന്നാൽ കത്തോലിക്കാ സഭയിലെ കരിസ്മാറ്റിക് പ്രവർത്തനങ്ങളോടുകൂടി പരസ്യമായ അന്യഭാഷയും, പാട്ടോടുകൂടിയ ആരാധനയ്ക്കും വിശുദ്ധ ബൈബിൾ പ്രഘോഷണത്തിനും മുഖാന്തിരമായി. വിശ്വാസികൾ കൂടുതലായി വേദപുസ്തകം വായിക്കുവാനും മറ്റു സമൂഹങ്ങൾ നടത്തുന്ന പരസ്യ ധ്യാനങ്ങളിലും യോഗങ്ങളിലും പങ്കെടുക്കുവാനും തുടങ്ങി. കേരളത്തിലെ കോട്ടയം ജില്ലയിൽ നിന്നു മാത്രമായി വിവിധ എപ്പിസ്കോപ്പൽ സഭകളിൽനിന്ന് 60,000 ത്തിലധികം വിശ്വാസികൾ മുങ്ങൽ സ്നാനം സ്വീകരിച്ചതായി സർവേ വ്യക്തമാക്കുന്നു.

ചില എപ്പിസ്കോപ്പൽ സഭകൾ മുതിർന്ന സ്നാനത്തിന് മൗനാനുവാദം നൽകുന്നുണ്ട്. മർത്തോമ്മാ സിഎസ്ഐ സഭയിൽ ഒരു വലിയ ശതമാനം രഹസ്യമായി മുതിർന്ന സ്നാനം സ്വീകരിച്ചവരാണ്. അങ്ങനെ സ്വീകരിച്ചവർ സ്വന്തം സഭ വിട്ടു പോകാതെ നിൽക്കണമെന്നുള്ള ആവശ്യം മാത്രമേ ഈ സഭാ നേതൃത്വങ്ങൾ ഉന്നയിക്കാറുള്ളു.

മർത്തോമ്മാ സഭയും സിഎസ്ഐ സഭയും ഭാവിയിൽ മുതിർന്ന സ്നാനം അംഗീകരിക്കുവാൻ സാധ്യതയുണ്ടെന്ന് സഭയിലെ മുതിർന്ന വൈദികൻ വെളിപ്പെടുത്തി. മനുഷ്യന്റെ ജീവിത്തിലുണ്ടായ മാറ്റങ്ങളും, വർദ്ധിച്ചുവരുന്ന രോഗങ്ങൾ, കുടുംബങ്ങളിലുള്ള അസമാധാനം, തുടങ്ങിയവയിൽ നിന്ന് ആശ്വാസം ലഭിക്കുവാൻ വിശ്വാസികൾ വിവിധ പരിക്ഷണങ്ങൾ നടത്തുന്നതിന് ശ്രമിക്കുകയാണ്. അതിനിടയിൽ മറ്റു യാതൊരു സഭകളുമായി ബന്ധമില്ലാതെ വ്യക്തികളിൽ അധിഷ്ടിതമായ ധാരാളം ചെറിയ സമൂഹങ്ങൾ വളർന്നു വരുന്നത് ആശങ്കാ ജനകവുമാണ്. രോഗ സൗഖ്യത്തിന്റെയും അത്ഭുതങ്ങളുടെയും പേരിൽ അന്ധമായി വിശ്വസിക്കുന്നവരെ ചൂഷണം നടത്തുന്ന വേദികളായി ഇത് മാറിയിട്ടുണ്ട്. എന്നാൽ മുങ്ങൽ സ്നാനം ലോക പാപങ്ങളിൽ നിന്നുള്ള വേർതിരിവിനും വിശുദ്ധ ജീവിതത്തിനും കാരണമാകുന്നുവെങ്കിൽ അത് നല്ലതാണന്ന് വേദ പണ്ഡിതർ ചൂണ്ടികാട്ടുന്നു. ■



## ബൈബിൾ സ്റ്റഡി

റവ. ഫാ. ഫിലിപ്പ് മഠത്തിൽ

# യാഗം അഥവാ നേർച്ച

യാഗവും നേർച്ചയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. യാഗത്തെക്കുറിച്ചുള്ള പരാമർശം വേദപുസ്തകത്തിലെ ആദ്യ പുസ്തകമായ ഉല്പത്തി 4-ാം അദ്ധ്യായം 2 മുതൽ 4 വരെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. വിവിധ തരത്തിലുള്ള യാഗങ്ങളാണ് വേദപുസ്തകത്തിൽ വ്യക്തമാക്കുന്നത്.

ഹോമയാഗം, പാപയാഗം, അഗർത്യ യാഗം സമാധാന യാഗം. നിരാജനാർപ്പണം, ഉദർച്ചാർപ്പണം, ഭോജനയാഗം, ആത്മീയ യാഗം, സ്തോത്രയാഗം, സ്വമേധയാഗം ഇങ്ങനെ വിവിധ തരത്തിലുള്ള യാഗങ്ങളെപ്പറ്റി വിശുദ്ധ വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പഴയ നിയമത്തിൽ യാഗങ്ങളുടെ പ്രാധാന്യം വലുതായിരുന്നു. യാഗത്തിൽ കളങ്കം വരുത്തിയവർ ദൈവത്തിന്റെ ഉഗ്രകോപത്തിന് വിധേയരാകേണ്ടി വന്നിട്ടുണ്ട്.

പുതിയ നിയമ വിശ്വാസികളെ സംബന്ധിച്ചിടത്തോളം മൃഗബലിയും മറ്റു യാഗങ്ങളും, യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തോടുകൂടി പൂർത്തിയായി. പുതിയ നിയമ വിശ്വാസികൾ ആചരിക്കുന്ന യാഗം ദൈവത്തെ മഹത്വപ്പെടുത്തുന്നതും പൂർണ്ണവും, ഊനമില്ലാത്തതും, നീതിയിലും, വിശുദ്ധിയിലും ഉള്ള ജീവിതമാണ് .

പരിശുദ്ധാത്മാവാകുന്ന ദൈവത്തിൽ യാഗവസ്തു നാം തന്നെയാണ്. പൂർണ്ണമായതും, ഊനമില്ലാത്തതും, വിശുദ്ധിയോടും കൂടെ വേണം ദൈവസന്നിധിയിൽ നാം യാഗമാകേണ്ടത്. പഴയനിയമ യാഗത്തിൽ ദുർന്നടപ്പിന്റെ കൂലിയോ, നായയുടെ വിലയോ, അശുദ്ധമായതോ, അപൂർണ്ണമായതോ ഒന്നും കൊണ്ടുവരുവാൻ പാടുള്ളതല്ല. എന്നാൽ യഹൂദന്മാർ യാഗം സമർപ്പിക്കുന്നതിൽ അമാന്തം കാണിച്ചിരുന്നു. ചിലർ ഇതിൽ ദൈവത്തെ വഞ്ചിച്ചു. മോശമായ വസ്തുക്കൾ കൊണ്ടുവന്നു, പുരോഹിതന്മാരുടെ പാപം നിമിത്തം യാഗത്തെ നിന്ദിച്ചു. മറ്റു ചിലർ ഇത് വിഗ്രഹങ്ങൾക്കർപ്പിച്ചു.

കർത്താവിന്റെ ക്രൂശീകരണത്തിനുശേഷം സകലവിധ വസ്തുയാഗങ്ങളും മാറ്റപ്പെടുകയും മനുഷ്യൻ തന്നെത്തന്നെ ദൈവകല്പനകൾക്കും വിശുദ്ധമായ ജീവിതത്തിനും വിധേയപ്പെടുന്നതിനുവേണ്ടി പാപരഹിതമായ ജീവിതമായിട്ടു മാത്രമേ ദൈവത്തെ മഹത്വപ്പെടുത്തുവാൻ പാടുള്ളൂ.

പാപരഹിതമായ ജീവിതവും, കളങ്കമില്ലാത്ത മനസ്സും, നീതിയുള്ള യാത്രകൾക്കും മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയുള്ളു. ഹിതമല്ലാത്ത നേർച്ചകൊണ്ടും, നീതിയില്ലാത്ത ഹൃദയംകൊണ്ടും ആരെങ്കിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചാൽ അത് ദുർന്നടപ്പിന്റെ കൂലിയായ നേർച്ചയായിട്ടു മാത്രമേ കാണുകയുള്ളു. യാഗവും, നേർച്ചയും വിശ്വാസികൾ ആചരിക്കുമ്പോൾ ദൈവത്തിനു മാത്രം അർഹതപ്പെട്ടതുകൊണ്ട് നാം അർപ്പിക്കുന്ന യാഗങ്ങൾ ബുദ്ധിപൂർവ്വം ആയിരിക്കണം. നിങ്ങൾ നൽകുന്ന നേർച്ചകൾ ആരധാനാലയങ്ങളുടെ ആഡംബരങ്ങൾ കാണിക്കുവാനോ, സഭാനേതാക്കന്മാരുടെ സുഖഭോഗ ഇച്ചകൾക്കു വേണ്ടിയോ ഉള്ളതല്ല, മറിച്ച് നിങ്ങൾ അങ്ങനെ നൽകുന്നവരാണെങ്കിൽ അത് ഭരിക്കുന്നത് ഈ ലോകത്തിന്റെ അധിപതിയായ പിശാചാണ്. വിശ്വസ്തരായ ദൈവത്തിന്റെ ഇടയന്മാർക്കും, സ്വർഗ്ഗരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന പ്രവർത്തനങ്ങൾക്കും മാത്രമേ നിങ്ങൾ നേർച്ചകൾ നൽകാവൂ. ആഡംബരമുള്ള പള്ളികൾ പണിയുന്നതിനും, കെട്ടു കാഴ്ചകൾക്കും, കമ്പങ്ങൾക്കും, ഇടയന്മാർക്ക് മുന്തിയ വാഹനങ്ങൾ നൽകി അവരെ കൊഴുപ്പിക്കുന്നതിനും നിങ്ങളുടെ നേർച്ചകൾ പോകുന്നുണ്ടെങ്കിൽ നിങ്ങൾക്കുള്ള ഫലം ശൂന്യമായിരിക്കും.


ദൈവംനോക്കുന്നത് ജാതിയോ, മതമോ, നിറമോ, സമ്പത്തോ അല്ല. മാനസന്തരപ്പെട്ട് ലോക പാപങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും ദൈവപ്രവൃത്തിയെ പ്രകീർത്തിക്കുകയും എളിയവരോട് കരുണ കാണിക്കുകയും, സ്നേഹ നിർഭരമായ ഒരു ജീവിതം നയിക്കുകയും ചെയ്യുന്നവരിലാണ് ദൈവം പ്രസാദിക്കുന്നത്. ■

# ദൈവകല്പന അനുസരിക്കുക.

ഫിലിപ്പിയർ 2.12-18

"അതുകൊണ്ടു പ്രിയമുള്ളവരേ നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്. വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിനു എല്ലാം, പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുക. അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും. എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും. നിങ്ങളോട് എല്ലാവരോടുംകൂടെ സന്തോഷിക്കും. അങ്ങനെ തന്നേ നിങ്ങളും സന്തോഷിപ്പിൻ, എന്നോടുകൂടെ സന്തോഷിപ്പിൻ''.

ദൈവഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിശുദ്ധ പൌലൊസ് ഫിലിപ്യസഭയെ ഉപദേശിക്കുന്നു. തന്റെ ഉപദേശങ്ങളിൽ ചാരി നില്ക്കാതെ ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് തങ്ങളുടെ രക്ഷക്കായി പ്രവർത്തിക്കുവാൻ ഫിലിപ്യരെ ഇവിടെ ആഹ്വാനം ചെയ്യുന്നു. നാമും പലപ്പോഴും ചില പ്രസംഗകരെയും അവരുടെ ഉപദേശങ്ങളെയും പൂർണ്ണമായി വിശ്വസിക്കുകയും അവരിൽ ആശ്രയിക്കുകയും ചെയ്തിട്ടു ഒടുവിൽ നിരാശപ്പെടാറുണ്ട്. എന്നാൽ മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതെന്നു നാം മനസ്സിലാക്കണം. കർത്താവായ യേശുക്രിസ്തു ദൈവഹിതത്തിനു പൂർണ്ണമായി താഴ്ത്തി ഭാരമേല്പിച്ചതിനാലാണ്. കാൽവറി ക്രൂശിലെ അന്ധകാരത്തെ തരണം ചെയ്തു ജയാളിയായി ഇന്നും സ്വർഗ്ഗത്തിൽ വസിക്കുവാൻ ഇടയായിതീർന്നത് ദൈവചനം നാം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ഓരോ ദിവസത്തേക്കുമുള്ള പുതുശക്തി ദൈവം നമുക്കു പ്രദാനം ചെയ്യും. ദൈവവുമായുള്ള സംസർഗ്ഗത്തിൽ നാം മുൻപോട്ടുപോകുകയും ദൈവമക്കളുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുമ്പോൾ നാം ക്രീസ്തീയ ജീവിതത്തിൽ വളരുവാൻ ഇടയാകും. നമുക്കു ലഭിച്ചിരിക്കുന്ന ക്രിസ്തീയ വെളിച്ചത്തെ മറ്റുള്ളവർക്കുംകൂടെ പകർന്നുകൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭയത്തോടും ഭക്തിയോടും നാം യഹോവയെ സേവിക്കണം. യഹോവയിൽ നാം ആശ്രയിച്ചാൽ അവൻ നമ്മെ വഴി നടത്തും. പൌലൊസ് തടവിൽ തനിക്കു ലഭിക്കാൻ പോകുന്നതു മരണശിക്ഷയോ എന്നു ചിന്തിച്ചു കഴിയുമ്പോഴും വിശ്വാസികളോടു ചേർന്നു സന്തോഷിപ്പാൻ ഉള്ള തന്റെ ആഗ്രഹം പ്രതിഫലിപ്പിക്കുന്നു. ഇച്ഛിക്കയെന്നതും, പ്രവർത്തിക്കയെന്നതും നിങ്ങളിൽ ദൈവമല്ലോ, തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്. (ഫിലി. 2. 13) ദൈവമേ നിന്റെ പ്രാർത്ഥനകളെ അനുസരിപ്പാൻ എന്നെ പ്രാപ്തിപ്പെടുത്തേണമേ.



## ഈസ്റ്റർ സ്പെഷ്യൽ

നാടൻ പാചകം

# ചിക്കൻ കുറുമ





തങ്കം ജോൺ

| | |
|---|---|
| ചിക്കൻ കഷണങ്ങൾ | – 1 കിലോ |
| സവാള അരച്ചത് | – 500 ഗ്രാം |
| തക്കാളി അരച്ചത് | – 1/2 കിലോ |
| ഇഞ്ചി | – 50 ഗ്രാം |
| വെളുത്തുള്ളി | – 50 ഗ്രാം |
| പച്ചമുളക് | – 20 ഗ്രാം |
| കശുവണ്ടി അരച്ചത് | – 10 ഗ്രാം |
| തേങ്ങ | – 7 എണ്ണം |
| കസ്കസ് അരച്ചത് | – 10 ഗ്രാം |
| ഏലയ്ക്ക | – 10 ഗ്രാം |
| കറുവാപ്പട്ട | –10 ഗ്രാം |
| മുളകുപൊടി | – 15 ഗ്രാം |
| മല്ലിപ്പൊടി | – 20 ഗ്രാം |
| മഞ്ഞൾപ്പൊടി | – 50 ഗ്രാം |
| കടുകെണ്ണ | – 150 ഗ്രാം |
| ഉപ്പ് | – 15 ഗ്രാം |

**തയ്യാറാക്കുന്ന വിധം.**

**അടികട്ടിയുള്ള കുഴിയൻ തവയിൽ എണ്ണ ചൂടാക്കി പകുതി സവാള വഴറ്റുക. ഇതിൽ അരിഞ്ഞുവച്ചിരിക്കുന്ന ഇഞ്ചിയും പച്ചമുളകുമിട്ടു നന്നായി ഇളക്കുക. ഇതിലേക്കു കോൺഫ്ളോർ, ഉപ്പ്, മുളകുപൊടി, ജീരകപ്പൊടി എന്നിവയിട്ടു നന്നായി ഇളക്കുക. ഇതിൽ മിൻസ് ചെയ്തുവച്ചിരിക്കുന്ന ആട്ടിറച്ചിയും ഇട്ടു നന്നായി ഇളക്കുക. ബാക്കി വച്ചിരിക്കുന്ന സവാളയും ഉടച്ചുവച്ചിരിക്കു ഉരുളക്കിഴങ്ങും മല്ലിയിലയും ചേർത്തുനന്നായി ഇളക്കുക. ഗരം മസാല ചേർത്തു കൂടിയ തീയിൽ നന്നായി ഇളക്കി അടുപ്പിൽ നിന്നും മാറ്റി വയ്ക്കുക. ഇതു തുല്യമായ 8 ഭാഗങ്ങളാക്കി ഉരുട്ടി ബ്രഡ് പൊടിയിൽ പൊതിഞ്ഞു വറുത്തെടുത്ത് ഉപയോഗിക്കാം.**

# മാംഗഷേർ ചോപ്പ്



റോസ് മാത്യു

| | |
|---|---|
| മിൻസ് ചെയ്ത ആട്ടിറച്ചി | – 500 ഗ്രാം |
| വേവിച്ചുടച്ച ഉരുളക്കിഴങ്ങ് | – 200 ഗ്രാം |
| സവാള അരിഞ്ഞത് | – 150 ഗ്രാം |
| ഇഞ്ചി അരിഞ്ഞത് | – 50 ഗ്രാം |
| പച്ചമുളക് അരിഞ്ഞത് | – 30 ഗ്രാം |
| മല്ലിയില അരിഞ്ഞത് | – 30 ഗ്രാം |
| ഉപ്പ് | – ആവശ്യത്തിന് |
| മുളകുപൊടി | – 2 ടേബിൾസ്പൂൺ |
| ജീരകം വറുത്തുപൊടിച്ചത് | –1 ടേബിൾസ്പൂൺ |
| കോൺ ഫ്ളോർ | – 3 ടേബിൾസ്പൂൺ |
| ബ്രെഡ് പൊടിച്ചത് | –ആവശ്യത്തിന് |
| ഗരംമസാല | – 1 ടേബിൾസ്പൂൺ |





**തയ്യാറാക്കുന്ന വിധം.**

**അടികട്ടിയുള്ള കുഴിയൻ തവയിൽ എണ്ണ ചൂടാക്കി പകുതി സവാള വഴറ്റുക. ഇതിൽ അരിഞ്ഞുവച്ചിരിക്കുന്ന ഇഞ്ചിയും പച്ചമുളകുമിട്ടു നന്നായി ഇളക്കുക. ഇതിലേക്കു കോൺഫ്ളോർ, ഉപ്പ്, മുളകുപൊടി, ജീരകപ്പൊടി എന്നിവയിട്ടു നന്നായി ഇളക്കുക. ഇതിൽ മിൻസ് ചെയ്തുവച്ചിരിക്കുന്ന ആട്ടിറച്ചിയും ഇട്ടു നന്നായി ഇളക്കുക. ബാക്കി വച്ചിരിക്കുന്ന സവാളയും ഉടച്ചുവച്ചിരിക്കു ഉരുളക്കിഴങ്ങും മല്ലിയിലയും ചേർത്തുനന്നായി ഇളക്കുക. ഗരം മസാല ചേർത്തു കൂടിയ തീയിൽ നന്നായി ഇളക്കി അടുപ്പിൽ നിന്നും മാറ്റി വയ്ക്കുക. ഇതു തുല്യമായ 8 ഭാഗങ്ങളാക്കി ഉരുട്ടി ബ്രഡ് പൊടിയിൽ പൊതിഞ്ഞു വറുത്തെടുത്ത് ഉപയോഗിക്കാം.**


## ATTENTION: US TRIBUNE SUBSCRIBERS



Dear Friends,

We are overjoyed and proud at the announcement our Christian newspaper, the "US Tribune", and its launch on July 15, 2013. This paper is published from Philadelphia under the ownership of Life Change Church Inc. This is a non-denominational, nonprofit organization whose vision is to inform, equip, define and inspire individuals and families to strengthen their moral foundations based on Christian precepts. We aim to educate and motivate our readers to live their lives in accordance with Christian values and biblical teachings so that they will come to love Christ, love his Church and his teachings.

Our introduction of the paper is mainly through churches so please join our US Tribune family and help support our cause in spreading God's love. Only the first two issues are free and then it is by subscription only. This is the last free issue of the paper. Below is the subscription form. Please fill it and send to US Tribune Office, P.O Box 52120, Philadelphia, PA 19115. Please choose your selection and make checks payable to US Tribune.

Thanks.

**Varughese Mathew**

Chief Operations Director. Tel: 215-275-9688

## SUBSCRIPTION FORM

I am intrested in **Life $500** ☐ 5 Year **$200** ☐ 2 Year **$100** ☐ 1 Year **$50** ☐

Name: Mr. Mrs. Ms.......................................................................................

Street:.......................................................................................................

City:..................................................State:..............................................

Zip:..............................................................Phone:.................................

Home..................................................Off ...................................................

E-mail: ..........................................................................................................

Amount Paid:..................................... Advance.......................................

Signature ........................................

**Benefits:**


**Priority in US Tribune Cell, Membership in LCF Charity Wing**
**Half page Free Advertisement space in UST (to be used within 5 years)**
**Discount Card**

Please make checks payable to " US Tribune"

Mail coupon to: **US Tribune Office : P.O Box 52120, Philadelphia, PA 19115.**

*For any details, call 215-275-9688, 214-256-3366 or E-mail: us.tribunemail@gmail.com*

# കഷ്ടതയിൽ പ്രവർത്തിക്കുന്ന ദൈവകരം



തോമസ് ഫിലിപ്പോസ്

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമധ്യേ വീണാലും അതിലെ വെള്ളം ഇരച്ചുകലങ്ങിയാലും, അതിന്റെ കോപംകൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല' (സങ്കി. 46:1-3). കഷ്ടതയ്ക്ക് കാരണങ്ങൾ പലതാകാം. എന്നാൽ കഷ്ടതയിലൂടെ കടന്നുപോകുന്ന ഒരു ഭക്തനെ സംബന്ധിച്ചിടത്തോളം അവന്റെ ഏറ്റവും അടുത്ത സഹായകൻ ദൈവമാണ്. കഷ്ടങ്ങളുടെ വേളകളിൽ അവനെ ഉപേക്ഷിച്ചു കളയുന്ന ദൈവമല്ല പ്രത്യുത അവന്റെ അടുക്കലേക്ക് ഏറ്റവും അടുത്ത് കടന്നുവരുന്ന ഒരു ദൈവത്തെയാണ് നാം സേവിക്കുന്നത്. അത് എത്രയോ ഭാഗ്യകരമായ ഒരു പദവിയാണ്.

കഷ്ടതയുടെ വേളകളിൽ നമ്മെ സഹായിക്കും, കരുതും എന്നു കരുതുന്ന അനേകരുണ്ടാകാം. എന്നാൽ വേദനിക്കുന്ന അവസരങ്ങളിൽ നമുക്ക് പ്രിയപെട്ട പലരും നമ്മെവിട്ട് അകന്നുപോകും. നാം അതുവരെ ആത്മാർത്ഥമായി സ്നേഹം നല്കിയ പലരും നമുക്കു നേരെ മുഖം തിരിക്കും. ഈ ഭൂമിയിൽ ഏറ്റവും വലുതായി നാം കണ്ട പല ബന്ധങ്ങളും തകർന്നു വീഴുന്നത് നമുക്കു കാണുവാൻ സാധിക്കും. എന്നാൽ അതിന്റെ മധ്യത്തിലും കൂടെ വരുന്ന ഒരു കർത്താവാണ് നമുക്കുള്ളത്. തന്റെ ആത്മീക ജീവിതയാത്രയെക്കുറിച്ച് ഒരു കർതൃദാസൻ കണ്ട ദർശനം ഏറെ പ്രസിദ്ധമാണ്. അവൻ കർത്താവിനോടൊപ്പം നടക്കുന്നതായാണ് ദർശനത്തിൽ കണ്ടത്. അവനും കർത്താവും ജീവിതത്തിന്റെ സന്തോഷകരമായ വഴികൾ പിന്നിട്ട് മുന്നോട്ടു പോയി. ആ വേളകളിലെല്ലാം അവന്റെ കാൽപ്പാടുകൾക്കൊപ്പം കർത്താവിന്റെ കാൽപ്പാടുകളും അവൻ കണ്ടു.

എന്നാൽ അല്പം മുമ്പോട്ടു നീങ്ങിയപ്പോൾ അവന്റെ ജീവിതത്തിലെ കഷ്ടതകളുടെ വഴികളായി. അവിടെ മുള്ളുകളും ദുർഘടങ്ങളും നിറഞ്ഞ വഴിയാണ് തെളിഞ്ഞുകണ്ടത്. ആ വഴിയിലെത്തിയപ്പോൾ അവൻ ഒരു കാര്യം ശ്രദ്ധിച്ചു. ബുദ്ധിമുട്ടു നിറഞ്ഞ വഴികളിൽ ഒരാളുടെ കാൽപ്പാടുകൾ മാത്രമാണ് തെളിഞ്ഞുനിൽക്കുന്നത്. അവൻ കർത്താവിനോട് പരിഭവം പറഞ്ഞു. എന്റെ കഷ്ടതകളുടെ വേളയിൽ, ബുദ്ധിമുട്ട് നിറഞ്ഞ വഴിയിൽ നീ എന്നെ ഉപേക്ഷിച്ചു കളഞ്ഞുവല്ലോ. ഇവിടെ എന്റെ കാൽപ്പാടുകൾ മാത്രമാണ് ഞാൻ കാണുന്നത്. കർത്താവ് അവനെ നോക്കി പുഞ്ചിരിച്ചു. തന്റെ ഇമ്പമാർന്ന സ്വരത്തിൽ അവനോടു പറഞ്ഞു. ഈ യാത്രയിൽ ദുർഘടം നിറഞ്ഞ വഴികളിൽ നീ കാണുന്ന കാൽപ്പാടുകൾ നിന്റേതല്ല. അത് എന്റെ കാൽപ്പാടുകളാണ്. ദുർഘടം നിറഞ്ഞ സ്ഥാനത്തെത്തുമ്പോൾ ഞാൻ നിന്നെ എന്റെ കരങ്ങളിൽ വഹിക്കും. അതുകൊണ്ടാണ് ഒരാളുടെ മാത്രം കാൽപ്പാടുകൾ അവിടെ ദൃശ്യമാകുന്നത്.

കണ്ണുനീർ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ലായെന്ന് സങ്കീർത്തനക്കാരൻ ഉറപ്പോടെ പറയുന്നത് ഈ ദൈവീക കരുതൽ അനുഭവിച്ചറിഞ്ഞതുകൊണ്ടാണ്. കഷ്ടതയിലൂടെ കടന്നുപോയ നമ്മുടെ പൂർവ്വ പിതാക്കന്മാർ ആശ്വാസം കണ്ടെത്തിയതും ഈ അരുമനാഥന്റെ തണലിലാണ്. യാക്കോബിന് ദൈവം നല്കിയ വാഗ്ദത്തം ഇവിടെ ശ്രദ്ധേയമാണ്. 'നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടെ ഇരിക്കും. നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല' (യശ. 43:2,3). നാം ഏതു സാഹചര്യത്തിൽകൂടി കടന്നുപോയാലും നമ്മെ കരുതുവാനും കരം പിടിച്ചു നടത്തുവാനും കർത്താവിന് സാധിക്കും.

**കണ്ണുനീർ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ലായെന്ന് സങ്കീർത്തനക്കാരൻ ഉറപ്പോടെ പറയുന്നത് ഈ ദൈവീക കരുതൽ അനുഭവിച്ചറിഞ്ഞതുകൊണ്ടാണ്. കഷ്ടതയിലൂടെ കടന്നുപോയ നമ്മുടെ പൂർവ്വ പിതാക്കന്മാർ ആശ്വാസം കണ്ടെത്തിയതും ഈ അരുമനാഥന്റെ തണലിലാണ്. യാക്കോബിന് ദൈവം നല്കിയ വാഗ്ദത്തം ഇവിടെ ശ്രദ്ധേയമാണ്.**

കഷ്ടതയുടെ സമയത്ത് നമുക്കു തക്ക തുണയായിരിക്കുക മാത്രമല്ല ആ കഷ്ടതയിൽനിന്ന് നമ്മെ വിടുവിക്കുവാനും കർത്താവിനു സാധിക്കുന്നു. 'നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു. അവന്റെ അസ്ഥികളെയെല്ലാം അവൻ സൂക്ഷിക്കുന്നു. അവയിൽ ഒന്നും ഒടിഞ്ഞുപോകയില്ല' (സങ്കി. 34:18, 19). കഷ്ടതകൾ പർവ്വതസമാനമായി ആഞ്ഞടിച്ചുകൊള്ളട്ടെ ദൈവം അതിന്റെ മധ്യത്തിൽ നമ്മെ വിടുവിയ്ക്കുവാൻ മനസ്സുള്ളവനാണ്. ദൈവത്തിന് സകലവും സാധ്യം തന്നെ. മാനുഷികമായ ചിന്തയിൽ ഇനി യാതൊരു പരിഹാരവുമില്ല എന്നു കരുതുന്ന ഒരു പ്രശ്നത്തിന് അടിമയാണ് നിങ്ങളെങ്കിൽ ദൈവത്തിനു നല്കുവാനുള്ള മറുപടി പ്രതീക്ഷയ്ക്ക് വകയുണ്ട് എന്നുള്ളതാണ്. മനുഷ്യന്റെ സാഹചര്യങ്ങൾ പരിമിതമാണ്. എന്നാൽ ദൈവം സർവ്വവ്യാപിയാണ്. മനുഷ്യന്റെ ബുദ്ധി പരിമിതമാണ്. എന്നാൽ ദൈവം സർവ്വജ്ഞാനിയാണ്. മനുഷ്യന്റെ ശക്തി ബലഹീനമാണ്. എന്നാൽ നമ്മുടെ ദൈവം സർവ്വശക്തനാണ്. തിരമാലകൾ അവന്റെ ശബ്ദം കേട്ട് അനുസരിക്കുന്നു. കൊടുങ്കാറ്റ് അവന്റെ വാക്കുകൾക്കു മുമ്പിൽ നിശബ്ദമാകുന്നു. മരണം അവനുമുമ്പിൽ പരാജയപ്പെട്ടു പിന്മാറുന്നു. ഭൂതങ്ങൾ വിറച്ചുകൊണ്ട് അവന്റെ മുമ്പിൽനിന്ന് ഓടിപ്പോകുന്നു. എത്ര കഠിന രോഗമായാലും അവന്റെ കരസ്പർശനത്താൽ സൗഖ്യമാകുന്നു. മരിച്ചവർ ജീവിക്കുന്നു. എത്ര ശക്തിമാനാണ് നമ്മുടെ ദൈവം. അവനെ സേവിക്കുവാനും അവനുവേണ്ടി ജീവിക്കുവാനും ലഭിച്ച അവസരം എത്രയോ വിലയേറിയതാണ്.

നാം നമുക്കു വലുതെന്നു തോന്നുന്ന പല പ്രശ്നങ്ങളാലും ഭാരപ്പെട്ട് വിഷാദിച്ചിരിക്കുകയാകാം. എന്നാൽ ദൈവത്തിന്റെ മഹത്വത്തെ നാം തിരിച്ചറിയുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ എത്രയോ ചെറുതാണ് എന്ന് തിരിച്ചറിയുവാൻ സാധിക്കും. അത്യത്ഭുതകരമായി ഈ പ്രപഞ്ചത്തെയും കോടാനുകോടി ഗോളങ്ങളെയും മെനഞ്ഞ ദൈവത്തിന് നമ്മുടെ പ്രശ്നങ്ങൾ നിസ്സാരമായി പരിഹരിക്കുവാൻ സാധിക്കും. ദൈവത്തിന്റെ സർവ്വശക്തിയെക്കുറിച്ച് കഷ്ടതകളുടെ മധ്യത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് തിരിച്ചറിവുണ്ടായിരിക്കണം. ■



# കൺമണിപോൽ കാക്കുന്നവർ

ഗ്രേസ് വർഗീസ്

ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിക്കുന്നത് ഒരു അനുഗ്രഹമാണ്. വളരെ ചെറുപ്പത്തിൽ തന്നെ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും, ദു:ഖിതരായ ആളുകളെ തന്റെ സന്ദേശത്തിലൂടെയും പുസ്തകങ്ങളിലൂടെയും കത്തുകളിലൂടെയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതിലൂടെ കൂടുതൽ സന്തോഷം അനുഭവിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഒരു സുവിശേഷ പ്രസംഗകയായിത്തീരുക എന്ന ഒരേ ഒരു ആഗ്രഹത്തിലൂടെ സുവിശേഷം പ്രസംഗിക്കുകയും ആളുകളെ യേശുവിലേക്ക് അടുപ്പിക്കുകയും യേശുവിനോടൊത്ത് ജീവിക്കുവാൻ ആഹ്വാനം ചെയ്യുകയും പാപവഴികൾവിട്ട് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് സ്വന്തം പിതാവിന്റെ മാർഗം സ്വീകരിച്ച് ദൈവവേല ചെയ്യുന്നു.

സ്വപ്നം കാണുക, വിശ്വസിക്കുക, ചോദിക്കുക, ദൈവം തന്നതിനായി ദൈവത്തിനു നന്ദി പറയുക, പ്രത്യാശ കൈവടിയാതിരിക്കുക. ഒരു വർഷം എന്റെ പിതാവിനൊപ്പം വടക്കേ ഇൻഡ്യയിൽ പലയിടത്തും സുവിശേഷ വേല ചെയ്തു. ഓഫീസ് പ്രവർത്തനങ്ങളിൽ സഹായിച്ചു. ഒരിക്കൽ എന്റെ പിതാവ് എന്നോട് ചേദിച്ചതനുസരിച്ച് കുയി ജാതിക്കാരുടെ ഇടയിലേക്ക് ഒരു മിഷണറി ടൂർ പോയി. ഒറീസായിലെ പർവ്വതത്തിന്റെ മലയിടുക്കുകളിൽ പാർക്കുന്ന 40000 കൂയി വംശജരുടെ മദ്ധ്യത്തിലേക്ക് പോകാൻ കിട്ടിയ നല്ല അവസരം. അപ്പോഴെല്ലാം കർത്താവ് എന്നെ തന്റെ കൺമണി പോലെ കാട്ടുജാതിക്കാരുടെയും കാട്ടാളന്മാരുടെയും മദ്ധ്യത്തിൽ സൂക്ഷിക്കുമെന്ന് നല്ല ഉറപ്പുണ്ടായതിനാലാണ് ഞാൻ ഒറ്റയ്ക്ക് പുറപ്പെട്ടത്.

ഞാൻ ദൈവത്തിന്റെ മകളായി, ദൈവത്തെ അനുസരിച്ച് ജീവിക്കുന്നതിനാൽ ഞാൻ ആയിരുന്ന ദേശത്ത് ഞാൻ അനുഗ്രഹിക്കപ്പെടും. എന്നെ ഏൽപ്പിച്ച സകലത്തിനും ഞാൻ വിശ്വസ്തയായിരിക്കുന്നതുകൊണ്ട് ദൈവം എനിക്ക് കൂടുതൽ അധികാരങ്ങൾ, അവസരങ്ങൾ നൽകി.

''മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ''. ''നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയേയും ബഹുമാനിക്കുക(എഫെ. 6. 1,2)

''അവൻമേൽ യഹോവയുടെ ആത്മാവ് ആവസിക്കും, ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റേയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവ ഭക്തിയുടെയും ആത്മാവ് തന്നെ. (യെശ. 11.2)

ദൈവത്തിൽ പ്രത്യാശയുള്ളവരായിരിക്കുക. പ്രത്യാശ വെടിയരുത്. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി താമസിച്ചു എന്നും വരാം. എന്നാൽ ചില പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയില്ലെന്നും വരാം. അത് നമ്മുടെ നന്മയ്ക്കായിരിക്കണം. നമ്മുടെ സകല ചോദ്യങ്ങൾക്കും മറുപടി സ്വർഗ്ഗത്തിൽ ലഭിക്കും. അതുവരെ സകലതിനും ദൈവത്തിന് സ്തോത്രം പറയുക. ■



# കേരളത്തിലുടനീളം വില്ലകളും അപ്പാർട്ടുമെന്റുകളുമായി അസറ്റ് ഹോംസ്

**കേരളത്തിലെ പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് പ്രവർത്തനമാരംഭിച്ച് 7 വർഷങ്ങൾക്കുള്ളിൽ 36 ഭവനങ്ങൾ കൈമാറിക്കൊണ്ട് കേരളത്തിലെ സുപ്രധാന നഗരങ്ങളിലേക്ക് കൂടി സാന്നിദ്ധ്യമറിയിച്ച് ശ്രദ്ധേയമാകുന്നു.**

ASSET HOMES
The responsible builder
Thiruvananthapuram | Kollam | Kottayam | Kochi | Thrissur | Kozhikode | Kannur

**അസറ്റ് ഹോംസിന്റെ** 24 പദ്ധതികൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് ഭാവിയുടെ നഗര സിരാകേന്ദ്രമായി മാറിയേക്കാവുന്ന വട്ടിയൂർക്കാവിൽ അസറ്റ് ഹിൽക്രെസ്റ്റും ശാസ്തമംഗലത്ത് അസറ്റ് ലീനിയേജുമാണ് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ. കൊല്ലത്ത് അസറ്റ് ഹോംസിന്റെ ആദ്യ പദ്ധതിയായ അസറ്റ് ഗ്രാൻഡിയോസ ടിൻടവർ അപ്പാർട്മെന്റും, കോട്ടയത്തെ ആദ്യ ഗാർഡൻ അപ്പാർട്മെന്റ് എന്ന സവിശേഷതയുമായി അസറ്റ് സഫയറും ഏറ്റുമാനൂരിൽ അവതരിപ്പിച്ച ലൊറേറ്റോയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

എറണാകുളത്ത് ചോറ്റാനിക്കരയിൽ വില്ലാ പ്രോജക്ടായഅസറ്റ് കാസിൽ, കലൂരിൽ ഡിസൈനർവില്ലാ പ്രോജക്ടായ അസറ്റ് ഇൻസിഗ്നിയ, പാലാരിവട്ടത്തുള്ള ടൗൺ ഹൗസ് പ്രോജക്ടായ അസറ്റ് വേഴ്സറ്റൈൽ, പുതിയതായി അവതരിപ്പിച്ച കടവന്ത്രയിലെ അപ്പാർട്മെന്റ് പ്രോജക്ടായ അസറ്റ് ലെഗ്രാൻഡ്, എം.ജി റോഡിൽ മെട്രോയ്ക്കു സമീപമുള്ള അസറ്റ് ബെല്ലവൂ, ആലുവയിലെ അപ്പാർട്മെന്റ് പദ്ധതി അസറ്റ് ബേ എന്നിവയും നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികളാണ്. തൃശ്ശൂരിൽ അവന്യു റോഡിലുള്ള അസറ്റ് ആങ്കറേജും വീയ്യൂരിലെ അസറ്റ് ചിരാഗും, ഗുരുവായൂരിലെ അസറ്റ് ദർശനുമാണ് നിർമ്മാണത്തിലുള്ളത്. കോഴിക്കോട് പന്ന്യങ്കരയിൽ അസറ്റ് ഹോസിന്റെ ആദ്യ പദ്ധതിയായ ഗുൽമോഹർ, വി.കെ കൃഷ്ണമേനോൻ റോഡിലാണുള്ളത്. കണ്ണൂർ പയ്യാമ്പലം ബീച്ചിനോട് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന അസറ്റ് ഹാൾമാർക്ക് നിർമ്മാണത്തിന്റെ അവസാന ഘട്ടങ്ങളിലാണ്. പുതിയതേരുവിൽ ഈയ്യിടെ അവതരിപ്പിച്ച ഗ്രാൻഡ്സ്റ്റാൻഡും നിർമ്മാണം പുരോഗമിക്കുന്നു.

അസറ്റ് ഹേംസിൽ നിന്ന് വാങ്ങുന്ന എല്ലാ വില്ലകൾക്കും അപ്പാർട്മെന്റുകൾക്കും അഗ്നി, ഇടിമിന്നൽ, സ്ഫോടനം, ഭീകരാക്രമണം, തുടങ്ങിയവയിൽ നിന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 25 വർഷക്കാലത്തേയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകും. ഇതാദ്യമായാണ് ഒരു ബിൽഡർ അവർ നിർമ്മിക്കുന്ന ഭവനങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നത്. ഓൺലൈൻ ഷോപ്പിംഗും ഈ-കോമേഴ്സും ജീവിതത്തിന്റെ എല്ലാ മേഖലകളിലും വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ലോകമെമ്പാടുമുള്ള തങ്ങളുടെ ഉപഭോക്താക്കൾക്ക് സുരക്ഷിതമായ പേയ്മെന്റ് ഗേറ്റ്വേയിലൂടെ പണം നൽകി ഓൺലൈനിലൂടെ അപ്പാർട്മെന്റുകളും വില്ലകളും പർച്ചേസ് ചെയ്യാനുള്ള സേവനത്തിനും അസറ്റ് ഹോംസ് തുടക്കു കുറിച്ചിട്ടുണ്ട്.

സ്വന്തമായി നിർമാണ സംവിധാനങ്ങളും തൊഴിലാളികളുമുള്ള ഇന്ത്യയിലെ അപൂർവം ബിൽഡർമാരിലൊന്നാണ് അസറ്റ് ഹോംസ്. നിർമ്മാണത്തിനു കരാർ ജോലിക്കാരെ ആശ്രയിക്കാത്തതുകൊണ്ട് മികച്ച ഗുണനിലവാരവും സമയബന്ധിതമായ നിർമാണവും ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകാനാകുന്നു.

നിർമ്മാണ രംഗത്തെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അസറ്റ് ഹോംസ് രൂപികരിച്ച മൂവിംഗ് സിവിൽ എഞ്ചിനിയറിംഗ് ലാബറട്ടറിയായ അസറ്റ് ക്യൂ - ലാബിൽ എല്ലാവിധ സിവിൽ എഞ്ചിനിയറിംഗ്, സ്ട്രക്ചറൽ എഞ്ചിനീയറിംഗ് പരിശോധനകളും പദ്ധതി സൈറ്റിൽ വച്ചുതന്നെ നടത്തുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. എല്ലാ നിർമ്മാണ സാമഗ്രികകളുടെയും ഗുണമേന്മ അസറ്റ് ക്യൂ - ലാബിൽ പരിശോധനയ്ക്കു വിധേയമാകുന്നതിനാൽ തുടക്കം മുതൽ അവസാനം വരെ എല്ലാ ഘട്ടങ്ങളിലും മികച്ച പരിശോധനാ സംവിധാനങ്ങളിലൂടെ ഗുണമേന്മ ഉറപ്പാക്കുന്നതാണ്. ഈ പരിശോധനാ റിപ്പോർട്ടുകൾ ഉപഭോക്താക്കൾക്ക് അസറ്റ് ഹോംസ് വെബ്സൈറ്റിലൂടെ പരിശോധിക്കുവാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

ഇന്ത്യയിൽ തന്നെ, മൂന്ന് ഭവനപദ്ധതികൾക്ക് ക്രിസിൽ 7 സ്റ്റാർ റേറ്റിംഗ് ലഭിച്ച കേരളത്തിലെ ആദ്യ ബിൽഡറെന്ന ബഹുമതി അസറ്റ് ഹോംസിനു സ്വന്തമാണ്. തിരുവനന്തപുരത്തെ ഡിജിറ്റൽ ഹോംസ് അപ്പാർട്മെന്റ് പ്രോജക്ടായ അസറ്റ് സിഗ്നേച്ചർ, കൊച്ചി തേവരയിലെ അസറ്റ് കസാഗ്രാൻഡെ, കളമശ്ശേരിയിലെ അസറ്റ് കസവ് എന്നിവയാണ് പുരസ്കാരങ്ങൾക്ക് അർഹമായത്. വില്ല പദ്ധതിക്ക് ക്രിസിൽ 7 സ്റ്റാർ റേറ്റിംഗ് ലഭിച്ചിട്ടുള്ള ദിക്ഷിണേന്ത്യയിലെ എകബിൽഡർ എന്ന ബഹുമതിയും കളമശ്ശേരിയിലെ അസറ്റ് കസവിലൂടെ അസറ്റ് ഹോംസ് കരസ്ഥമാക്കി. നിർമ്മാണമികവിന് മറ്റ് നിരവധി ദേശീയ അന്തർദ്ദേശീയ പുരസ്കാരങ്ങൾ അസറ്റ് ഹോംസ് കരസ്ഥമാക്കിയിട്ടുണ്ട്.

## ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ആത്മീയ ദർശനവുമായി മിഷൻ ഇന്ത്യ

1993 ൽ സഭാവ്യത്യാസമില്ലാതെ മൂന്നു വ്യക്തികളുമായി മിഷൻ ഇന്ത്യയ്ക്ക് റവ. ഡോ. സജി ലൂക്കോസ് ദൈവികദൗത്യമനുസരിച്ച് ആരംഭം കുറിക്കുമ്പോൾ ജാതി, മത, വർഗ്ഗ, വർണ്ണ, സഭാ വ്യത്യസമില്ലാതെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസം ആകും എന്നുള്ളത് ദൈവിക പദ്ധതിയായിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും, അമേരിക്ക, ശ്രിലങ്ക തുടങ്ങിയ രാജ്യങ്ങളിലും ദൈവിക പ്രവർത്തനങ്ങൾക്ക് വഴി തുറന്നു. ആയിരത്തിമുന്നൂറിലധികം സുവിശേഷ മിഷനറിമാർ പൂർണ്ണസമയം സ്വർഗ്ഗരാജ്യ കെട്ടുപണിക്കുവേണ്ടി അദ്ധ്വാനിക്കുന്നു. മിഷനറിമാരുടെ ട്രെയിനിങ്ങിനുവേണ്ടി നാഗപ്പൂരിൽ മിഷൻ ഇന്ത്യ തിയോളജിക്കൽ സെമിനാരി ഇന്ത്യയിലെ അറിയപ്പെട്ട ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ഥാപനമാണ്. എല്ലാ സംസ്ഥാനങ്ങളിലും റീജിയണൽ ട്രെയിനിംഗ് സെന്ററുകളും പതിനായിരത്തിലധികം ഹൗസ് ചർച്ചുകളും പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളോടു ചേർന്നു നിന്നുകൊണ്ട് ദളിതർക്കും, ഗ്രാമീണ വനിതകൾക്കും, ചേരി പ്രദേശങ്ങളിലെ കുട്ടികൾക്കും വേണ്ടി സാമൂഹിക, സാമ്പത്തിക, കൽച്ചറൽ,ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നു വരുന്നു. 18 മേഴ്സി ഹോമുകളിലായി നിരവധി കുഞ്ഞുങ്ങൾ ജീവിതത്തിന്റെ പച്ചപ്പിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വർഷവും അഞ്ഞൂറിലധികം കുട്ടികൾ സെമിനാരിയിൽ പഠനം പൂർത്തിയാക്കി സുവിശേഷ വയലുകളിലേക്ക് ആത്മീയ ദൗത്യവുമായി മുന്നേറുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

**പ്രവാസികളായ വായനക്കാർക്ക് ഇന്ത്യയിൽ നടത്തുന്ന ഇൻവെസ്റ്റ്മെന്റുകളിൽ യു.എസ്. ട്രിബൂണിൽ പ്രസിദ്ധീകരിക്കുന്ന പരസ്യദാതാക്കളുടെ സ്ഥാപനങ്ങളിൽനിന്ന് പ്രത്യേകം ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.**

**എന്ന് പത്രാധിപർ.**

# ആരോഗ്യരംഗം

ഡോ. റേച്ചൽ തോമസ്

## ആരോഗ്യകരമായ ഗർഭാവസ്ഥ



**മാതൃത്വം** **സ്ത്രീത്വത്തിന്റെ സാക്ഷാത്കാരമാണ്, സാഫല്യമാണ്. അത് അവൾക്കു മാത്രം പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ്. ഏതൊരു അമ്മയുടെയും സ്വപ്നമാണ് ആരോഗ്യമുള്ള കുഞ്ഞ്. ഇങ്ങനെ ആരോഗ്യമുള്ള കുഞ്ഞിനെ ലഭിക്കാൻ വേണ്ടി ഗർഭിണി ഗർഭാവസ്ഥ മുതൽതന്നെ ശ്രദ്ധിക്കണം.**

**ഈ സമയങ്ങളിൽ സ്ത്രീകൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.**

ഭക്ഷണ കാര്യങ്ങളിൽ അത്യാവശ്യ ശ്രദ്ധ ചെലുത്തണം. അമ്മയുടെ ശരീരത്തിലെ പോഷകങ്ങളാണ് കുഞ്ഞിനു ലഭിക്കുന്നത്. അതിനാൽ ഗർഭിണി ഭക്ഷണം കഴിക്കുന്നത് കുഞ്ഞിനും വേണ്ടിയാണ്. ആഹാരം കൊഴുപ്പു കുറഞ്ഞതും, പ്രോട്ടീൻ അടങ്ങിയതും, നാര് ഉള്ളതും ഇലക്കറികളും മറ്റും അടങ്ങിയതും ആവണം. ചുരുങ്ങിയത് 2 ലിറ്റർ ദ്രാവകം ചെല്ലണം. കാൽസിയം അടങ്ങിയ പാൽ കുടിക്കണം. ബേക്കറി സാധനങ്ങൾ കഴിവതും ഉപയോഗിക്കാതിരിക്കുക.

ഒരു ഗർഭിണിയ്ക്ക് 10-12 കിലോഗ്രാം വരെ ഭാരം കൂടാറുണ്ട്. കൂടുതൽ തൂക്കം വയ്ക്കുന്നതും തൂക്കം കുറയുന്നതും നല്ലതല്ല. അതിനാൽ ആഹാരക്രമത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഗർഭവതിയാകുമ്പോൾ ആദ്യത്തെ മാസങ്ങളിൽ ചിലർക്ക് ഛർദ്ദിയുണ്ടാകാറുണ്ട്. ഗർഭാവസ്ഥയിലെ ഹോർമോൺ വ്യതിയാനങ്ങൾ മൂലമാണ് അങ്ങനെ ഉണ്ടാകുന്നത്. ചില സാധനങ്ങളോട് ഇഷ്ടവും അനിഷ്ടവുമൊക്കെയുണ്ടാകാം. ഇത് 3 മാസം കഴിയുമ്പോൾ കുറയും. ഈ സമയത്ത് അളവിൽ കുറച്ച് ആഹാരം പല സമയങ്ങളിലായി കഴിക്കണം.

വിശ്രമവും വ്യായാമവും ഗർഭിണിക്ക് ആവശ്യമാണ്. ശരീരം ക്ഷീണിക്കുന്ന തരത്തിലുള്ള ജോലികൾ ചെയ്യാതിരിക്കുക. ഉച്ചയ്ക്കുശേഷം 2 മണിക്കൂർ വിശ്രമം നല്ലതാണ്. കൂടുതൽ വിശ്രമിക്കുന്നത് അനാവശ്യം എന്നതിൽ ഉപരി അമിതവണ്ണം, ഞരമ്പുകളിൽ രക്തം കട്ടപിടിക്കുക തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാക്കും. സാധാരണയുള്ള വീട്ടുജോലികൾ ഗർഭകാലത്ത് ചെയ്യാവുന്നതാണ്. ഗർഭിണികൾ കഴിക്കുന്നതും ചെയ്യുന്നതുമായ കാര്യങ്ങൾ കുഞ്ഞിന്റെ വളർച്ചയെ ബാധിക്കും. ഗർഭത്തിന്റെ ആദ്യ പകുതിയിലാണ് ശാരീരിക വളർച്ചയുണ്ടാകുന്നത്. ഈ സമയത്ത് ഉണ്ടാകുന്ന ക്ഷതങ്ങൾ കുഞ്ഞിന്റെ ആന്തരികവും, ബാഹ്യവുമായ ശരീരഭാഗങ്ങളുടെ വളർച്ചയെ ബാധിക്കാം. അതിനാൽ എക്സറേ, റേഡിയേഷൻ തുടങ്ങിയ പരിശോധനകൾ അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ ചെയ്യാവൂ. അതുപോലെ ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് മരുന്നുകൾ ഉപയോഗിക്കേണ്ടത്.

സാധാരണയായി ഗർഭിണി ഫോളിക് ആസിഡ്, അയൺ, കാൽസിയം മുതലായ മരുന്നുകൾ മാത്രമേ കഴിക്കേണ്ടതായുള്ളു. അയണിന്റെ കുറവ് ഗർഭിണികളിൽ വിളർച്ച ഉണ്ടാക്കുവാൻ കാരണമാണ്. കാൽസിയം എല്ലുകൾക്ക് അത്യാവശ്യമാണ്. ഇവ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

പത്തുമാസമാണ് ഒരു ഗർഭാവസ്ഥ. അതായത് 280 ദിവസങ്ങൾ. പ്രസവിക്കേണ്ട തീയതി അറിയുവാൻ അവസാനമായി ഉണ്ടായ മാസകുളിയുടെ (പീരിയഡ്) ആദ്യത്തെ ദിവസം ഓർത്തിരിക്കണം. ആഞ്ചു മാസമാകുമ്പോഴേക്കും കുഞ്ഞിന്റെ അനക്കങ്ങൾ അമ്മയ്ക്ക് അറിയുവാൻ സാധ്യമാണ്. കൃത്യമായ പ്രസവതീയതി മുൻകൂറായി നിശ്ചയിക്കേണ്ടത് അത്യാവശ്യമാണ്.

ചിലപ്പോൾ ചില ഗർഭിണികൾ ശാരീരികമായ ആരോഗ്യാവസ്ഥയിൽനിന്ന് രോഗാവസ്ഥയിലേക്ക് പോകാം. ഇത് ഗുരുതരമാണ്. ഇത് ഒരു പരിധി വരെ നേരത്തെ അറിയുവാനും ചികിത്സയ്ക്കു വിധേയമാകുവാനും ക്രമമായ ചെക്കപ്പുകൾ സഹായകമാണ്.

**ശ്രദ്ധിക്കേണ്ട ചില അപായസൂചനകൾ:-**

- അമിതമായി തൂക്കം വയ്ക്കുക, നീരുവയ്ക്കുക
- കുഞ്ഞിന്റെ അനക്കം കുറയുകയോ, നിന്നുപോവുകയോ ചെയ്യുക.
- രക്തസ്രാവം ഉണ്ടാവുക
- തലവേദന, ഛർദ്ദി, കാഴ്ചക്കുറവ് തുടങ്ങിയവ അനുഭവപ്പെടുക
- വെള്ളം പോവുക
- മാസം തികയാതെ വേദന തുടങ്ങുക

കേരളത്തിലെ ഗർഭിണികളിൽ പഞ്ചാസാരയുടെയും തൈറോയിഡ് ഗ്രന്ഥിയുടെയും അസുഖങ്ങൾ കൂടിവരുകയാണ്. അതിനാൽ അവയെല്ലാം പരിശാധിക്കേണ്ടതാണ്.

**വിശ്രമവും വ്യായാമവും ഗർഭിണിക്ക് ആവശ്യമാണ്. ശരീരം ക്ഷീണിക്കുന്ന തരത്തിലുള്ള ജോലികൾ ചെയ്യാതിരിക്കുക. ഉച്ചയ്ക്കുശേഷം 2 മണിക്കൂർ വിശ്രമം നല്ലതാണ്.**

ഗർഭിണികൾ മുമ്പ് വന്നിട്ടുള്ള എല്ലാ രോഗങ്ങളെയും കൂറിച്ച് ഡോക്ടറോടു പറയണം. അലർജിയും മറ്റും ഉണ്ടെങ്കിൽ ആതും പറയുക. പരിശോധനയുടെ പേപ്പറുകൾ, സ്കാൻ റിപ്പോർട്ട്, ലാബ് റിസൽറ്റ് മുതലായവയെല്ലാം ക്രമമായി സൂക്ഷിക്കുകയും ചെക്കപ്പിനു ചെല്ലുമ്പോൾ കാണിക്കേണ്ടതുമാണ്.

പ്രസവസമയത്ത് വേണ്ടിവരാവുന്ന അമ്മയ്ക്കും കുഞ്ഞിനും വേണ്ട തുണികൾ നേരത്തെ കഴുകി വൃത്തിയാക്കി വയ്ക്കുക..

പ്രസവാനന്തരം കുഞ്ഞിന് മുലപ്പാൽതന്നെ കൊടുക്കണം. മറ്റൊന്നും ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ കൊടുക്കരുത്. അതിഥികൾ വരുന്നത് നിരുത്സാഹപ്പെടുത്തുക. നവജാത ശിശുവിന് പ്രതിരോധശേഷി കുറവാണ്. തൂക്കം കുറവുള്ള കുഞ്ഞാണെങ്കിൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

മുലപ്പാൽ കൊടുക്കുന്നതും ശരിയായ രീതിയിലായിരിക്കണം. മുലക്കണ്ണ് അകത്തേക്ക് വലിഞ്ഞിരിക്കുകയാണെങ്കിൽ അതു ഗർഭിണിയായിരിക്കുമ്പോൾതന്നെ ഡോക്ടറോടു പറഞ്ഞ് ചികിത്സയെടുക്കണം. ശരിയായ രീതിയിൽ പാലു കൊടുക്കുന്നില്ലെങ്കിൽ അവിടെ മുറിവുകൾ വരുവാൻ സാധ്യതയേറും.

മുലപ്പാൽ കൊടുക്കുന്ന സമയത്ത് ശരിയായ രീതിയിൽ ആഹാരം കഴിക്കണം. കുഞ്ഞിനുള്ള പോഷകങ്ങൾ ആദ്യത്തെ ആറു മാസം പാലിൽ കൂടിയാണ് ചെല്ലുന്നത്. അതുപോലെ അമ്മ ഈ സമയത്ത് കഴിക്കുന്ന മരുന്നുകളും മറ്റും കുഞ്ഞിനെ ബാധിക്കാം.

പ്രസവസമയത്തോ, സിസേറിയൻ സമയത്തോ ഉണ്ടാകുന്ന മുറിവുകൾ സോപ്പു തേച്ച് കഴുകണം. ശരീരവൃത്തി സൂക്ഷിക്കേണ്ടതാണ്. പ്രസവശേഷം മൂത്രത്തിൽ പഴുപ്പ് ഉണ്ടാകുവാൻ സാധ്യതകൾ എറേയാണ്. അതിനാൽ ധാരാളം വെള്ളം കുടിക്കണം.

കുഞ്ഞിന്റെ കുത്തിവയ്പുകൾ ശരിയായി എടുക്കണം. അമ്മയും കുഞ്ഞും ചെക്കപ്പിനു പോകണം. നെഗറ്റീവ് ഗ്രൂപ്പുള്ളവർക്ക് അിശേ ഉശിഷലരശേ വേണ്ടിവരും, അതുപോലെ മഞ്ഞപ്പിത്തമുള്ളവർക്കും കുത്തിവയ്പ് വേണ്ടിവരും.

സ്ത്രീകൾ കൂടുതൽ തവണ പ്രസവിക്കുന്നതും അടുത്തടുത്ത് ഗർഭം ധരിക്കുന്നതും ആരോഗ്യത്തിന് ഹാനികരമാണ്.സ്ത്രീകൾക്കും പുരുഷന്മാർക്കും വന്ധീകരണ ശസ്ത്രക്രീയ നടത്താം. സിസേറിയൻ ഓപ്പറേഷന്റെകൂടെയും അല്ലെങ്കിൽ പ്രസവിച്ച ആദ്യ ആഴ്ചയിലോ അല്ലെങ്കിൽ ആറ് ആഴ്ചയ്ക്കുശേഷമോ സ്ത്രീകൾക്ക് പ്രസവം നിർത്താം.

ഗർഭഛിദ്രം നടത്തുന്നത് ഒരു നല്ല പ്രവണതയല്ല. അത് പലപ്പോഴും സ്ത്രീകൾക്ക് ആരോഗ്യപരമായും ശാരീരികമായും മാനസികമായ പല പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

രണ്ടു കുട്ടികൾ തമ്മിൽ 3 വയസ്സ് വ്യത്യാസമെങ്കിലും ഉള്ളതാണ് നല്ലത്. അതിനുവേണ്ടി ഗർഭനിരോധന മാർഗങ്ങൾ അവലംബിക്കുക. ഗർഭനിരോധന ഗുളികൾക്ക് പാർശ്വ ഫലങ്ങൾ ഉണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം ഭർത്താക്കന്മാരുടെ സാമീപ്യവും സഹാനുഭൂതിയുമെല്ലാം ഒരു ഗർഭിണിക്കും, അമ്മയ്ക്കും, കുട്ടിക്കും അത്യാവശ്യമാണ്.



# ബലി അർപ്പിക്കുവാൻ കർത്താവു നിയമിച്ചില്ല

റവ. കെ.എം. ജോസഫ്

**പുതിയ നിയമത്തിൽ സഭകൾ സ്ഥാപിച്ച തിനെക്കുറിച്ച് പലസ്ഥലങ്ങളിൽ കാണുവാനുണ്ട് . എന്നാൽ ബലി അർപ്പിക്കുന്ന പുരോഹിതനെക്കുറിച്ച് കാണുന്നില്ല. ബലി അർപ്പിക്കുന്ന പുരോഹിതൻ ഉായത് മദ്ധ്യകാല യുഗങ്ങളിലാണ്.**

മത്തായിയുടെ സുവിശേഷം 28: 19–20 വായിക്കുമ്പോൾ ''സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവാനും, പഠിപ്പിക്കുവാനും, സ്നാനപ്പെടുത്തുവാനും കർത്താവു അവരെ അയച്ചത്''. ഒരു സ്ഥലത്തും ബലി അർപ്പിക്കുവാൻ പറഞ്ഞിട്ടില്ല. എന്നാൽ കത്തോലിക്കാ, യാക്കോബായ സഭയുടെ പൌരോഹിത്യത്തിൽ ബലി അർപ്പണത്തിനാണ് പ്രാധാന്യം. കുർബാന അല്ലെങ്കിൽ ബലി ആണ് അവരുടെ ആരാധനയുടെ കേന്ദ്രം. പുരോഹിതനെ നിയമിക്കുമ്പോൾ ചൊല്ലുന്ന വാചകം ''ജീവികൾക്കും മരിച്ചവർക്കുംവേണ്ടി ബലി അർപ്പിക്കുവാൻ നീ ശക്തനാകുക. കർത്താവിന്റെ നാമത്തിൽ തന്നെ ആമ്മീൻ''. മരിച്ചവർക്കുവേണ്ടി ബലി എന്തിന്?

പുതിയ നിയമത്തിൽ സഭകൾ സ്ഥാപിച്ചതിനെക്കുറിച്ച് പലസ്ഥലങ്ങളിൽ കാണുവാനുണ്ട് . എന്നാൽ ബലി അർപ്പിക്കുന്ന പുരോഹിതനെക്കുറിച്ച് കാണുന്നില്ല. ബലി അർപ്പിക്കുന്ന പുരോഹിതൻ ഉണ്ടായത് മദ്ധ്യകാല യുഗങ്ങളിലാണ്.

റോമൻ കത്തോലിക്കാസഭ വിട്ടു നവീകരണ സഭയിൽ വന്നവർ പലരും പറഞ്ഞത് കത്തോലിക്കസഭാ നവീകരണ സഭകളെക്കുറിച്ചു കുറ്റപ്പെടുത്തിയ ചർച്ചകളിൽ ഒന്നാമതായി മാർപാപ്പയുടെയും പുരോഹിതൻമാരുടെയും ഉപദേശ അധികാരത്തെക്കുറിച്ചു ബൈബിൾ ഒന്നും പറയുന്നില്ലാ എന്നും ബലിപീഠത്തിൽ അർപ്പിക്കുന്ന ബലികളെക്കുറിച്ചു ബൈബിളിൽ വ്യക്തമായ രേഖകളില്ല എന്നുള്ളതുമായിരുന്നു. ഇതു രണ്ടും പാരമ്പര്യത്തിൽ നിന്നു വന്നു എന്നുള്ളതിന് ഇത് മതിയായ തെളിവാണ്.

നാമധേയ ക്രൈസ്തവലോകം ഇന്ന് പൗരോഹിത്യ നുകത്തിന്റെ കീഴിൽ വിടുതൽ പ്രാപിപ്പാൻ കഴിയാതെ തെറ്റായ പാതയിൽ യാത്ര ചെയ്യുകയാണ്. തിരുവചന സത്യങ്ങളിലേക്കു അവർ തിരികെ വരാതെ ഒരിക്കൽപോലും അവരുടെ കണ്ണുകൾ തുറക്കുകയില്ല. അപ്പോസ്തോലൻമാർ വരച്ചുകാണിച്ച മാതൃകയല്ലാതെ രക്ഷയ്ക്കു വേറൊരു മാർഗവും ഇല്ല.

പൌരോഹിത്യത്തിന്റെ പിടിയിൽനിന്ന് എന്ന് ജനം വിടുതൽ പ്രാപിച്ചു സത്യവചനത്തിലേക്കു തിരിയുമോ അന്നു മാത്രമേ അവർ സ്വതന്ത്രരാകയുള്ളു. വചനം കൂടാതെ സ്വതന്ത്രരായവർ കമ്മ്യുണിസത്തിനു വഴി ഒരുക്കുകയായിരുന്നു. കാരണം കമ്മ്യുണിസത്തിന്റെ നോട്ടത്തിൽ ഇത് മയക്കുന്ന കറുപ്പായിരുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാൻ, ജീവൻ പ്രാപിപ്പാൻ അവർക്കു കഴിഞ്ഞില്ല. ഉല്പത്തിപുസ്തകം 49. 5–6 ഈ വാക്യങ്ങളിൽ യാക്കോബ് ലേവിയെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ ഇവിടെ അവസാനിപ്പിക്കട്ടെ. ''എൻ ഉള്ളമേ അവരുടെ മന്ത്രണത്തിൽ കൂടരുതെ, എൻ മനമേ അവരുടെ യോഗത്തിൽ ചേരരുതെ'', ലേവിയും ലേവ്യാ പൌരോഹിത്യവും ആ നിലയിൽ ശാപഗ്രസ്തരാണ്. നമ്മുടെ മഹാ പുരോഹിതനാകുന്ന കർത്താവിങ്കലെക്കു മാത്രം നോക്കാം. !!

■



# ഇണയും തുണയും ആകുക.

ജോൺ കാലായിൽ

''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും''.(ഉത്പത്തി 2:18). ഇതാ ദൈവസ്ഥാപിതമായ വിവാഹത്തിന്റെ പരമമായ ഉദ്ദേശ്യമാണ് ചൂണ്ടിക്കാട്ടുന്നത്. എന്നാൽ മനുഷ്യൻ വിവാഹത്തിന് മറ്റു പല ലക്ഷ്യങ്ങളും പ്രധാനമായി കാണുകയും സർവ്വപ്രധാനമായതിനെ വിസ്മരിച്ചുകളയുകയും ചെയ്യുന്നു.

തുണ എന്നാൽ ഭാര്യാ ഭർത്താക്കന്മാർ പരസ്പരം അനുവർത്തിക്കേണ്ട ഒന്നാണ്. സ്നേഹമുളളവർക്കുമാത്രമേ സാക്ഷാൽ തുണയായിരിക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്.

ലൈംഗിക സംതൃപ്തി ഉണ്ടാകുവാൻ കൂടെ താമസിക്കുന്ന ഭാര്യയെ കണക്കിലെടുക്കാതെ സ്വന്തം തൃപ്തി മാത്രം ലക്ഷ്യമാക്കുന്ന പുരുഷന്മാർ ദാമ്പത്യ പ്രശ്നങ്ങൾക്കു കാരണമാവുന്നുണ്ട്. അതുകൊണ്ട് പരസ്പരം മനസ്സിലാക്കി പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുകയാണ് ഭാര്യഭർത്താക്കന്മാർ ചെയ്യേണ്ടത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആശയവിനിമയം ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു. ആശയസംവേദനത്തിൽ ഭാര്യാഭർത്താക്കന്മാർ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു.

ഒരു ദിവസം നടന്ന സംഭവങ്ങൾ പരസ്പരം സംസാരിക്കുക, ഭർത്താവ് ജോലിസ്ഥലത്തു നടന്ന കാര്യങ്ങളെക്കുറിച്ചും ജോലിയില്ലാത്ത ഭാര്യയെങ്കിൽ വീട്ടിൽ കുട്ടികൾ കാണിച്ച കുസൃതികളെക്കുറിച്ചുമുള്ള രത്നച്ചുരുക്കം സന്ധ്യസമയത്ത് സംസാരിക്കുക. ഉദ്യോഗസ്ഥയെങ്കിൽ പ്രവർത്തന സ്ഥലത്തെ സംഭവങ്ങൾ വിശദീകരിക്കാം.താൻ ഇവിടെ ഉണ്ട് എന്നറിയിക്കുവാൻ മിസ്ഡ് കോൾ ഭ്രമക്കാരെ ദമ്പതികൾക്കിടയിൽ കാണുന്നുണ്ട്. മിസ്ഡ് കോൾ ശൂന്യതയിലേക്കാണ് നയിക്കുന്നത്. ജീവിതം മിസ് ആകാതിരിക്കുവാൻ മിസ്ഡ് കോൾ ഉപേക്ഷിക്കുക. പരസ്പരം സംസാരിക്കുക.

മറ്റുള്ളയാളിനെ മുറിവേൽപ്പിക്കാകെ വികാരങ്ങൾ പ്രകടിപ്പിക്കുകയോ പറയുകയോ ചെയ്യുന്നതാണ് ആശയസംവേദനത്തിന്റെ ഉന്നത ഭാവം. ദാമ്പത്യജീവിത്തിൽ പങ്കാളിയുടെ മാനസികനില മനസ്സിലാക്കി അന്യോന്യമുള്ള സംസാരം മൂന്നു തലങ്ങളെയും ഉൾക്കൊണ്ടാവുമെങ്കിൽ പല പ്രശ്നങ്ങളും ദമ്പതികൾക്കുതന്നെ പരിഹരിക്കുവാൻ കഴിയും. മനുഷ്യജീവിത്തിൽ പരാജയങ്ങളും വീഴ്ചയും സാധാരണമാണ്. അപ്രകാരം സംഭവിക്കുമ്പോൾ ശകാരവും പരിഭവവും പരിഹാസവും ആ വ്യക്തിയെ നിഷ്ക്രിയനാക്കുവാനേ ഉതകൂ. എന്നാൽ ആ വ്യക്തിയെ സമാശ്വസിപ്പിച്ച് പരാജയബോധവും കുറ്റബോധവും നീക്കി കുറവുകളും പിഴവുകളും കണ്ടു പിടിക്കാൻ സഹായിക്കുകയും വീണ്ടു പരിശ്രമിക്കാൻ ഉത്സാഹിപ്പിക്കുകയും വേണം. ഇതും പങ്കാളിയുടെ ഒരു കർത്തവ്യമാണ്. എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് സ്നേഹം. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ആഗ്രഹം നൈസർഗികമാണ്. അത് വെറും ഒരു വികാരമല്ല. സ്നേഹം പ്രവൃത്തിയിലൂടെ കാട്ടിക്കൊടുക്കേണ്ട ഒന്നാണ്. വിവാഹിതർ ദൈവകൽപന പ്രകാരം ഒരു ദേഹമായിത്തീരുന്നതിന്റെ പ്രകട ലക്ഷണം ആണത്. ഈ സ്നേഹം കൊടുക്കുകയും അനുഭവിക്കുകയുമാണ് തുണയെക്കൊണ്ടു പ്രതീക്ഷിക്കുന്നത്.

■

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

**യു എസ് ട്രിബ്യുൺ അമേരിക്കയിലെ പ്രമുഖ സംഘടനയായ എൽ.സി.സി.ഐ ആണ് പ്രസിദ്ധീകരിക്കുന്നത്. ഇന്ത്യൻ സമൂഹത്തിനുവേണ്ടി, സൗത്ത് ഇന്ത്യൻ, നോർത്ത് ഇന്ത്യൻ ഭാഷകളിലും യു എസ് ട്രിബ്യുൺ പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാ ക്രൈസ്തവ സഭകളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഏക എക്യുമെനിക്കൽ പ്രസിദ്ധീകരണമാണ്. ഒരു സഭകളുടെയും ആന്തരിക വിഷയങ്ങളിൽ ഇടപെടാതെ വിശുദ്ധ വേദപുസ്തക അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു വരുന്നു. എല്ലാ സഭാ വിഭാഗങ്ങളുടെയും പ്രതിനിധികൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നു. സഭകൾക്കോ, സമൂഹങ്ങൾക്കോ എതിരായി വരുന്ന ആത്മീയയോഗ്യമല്ലാത്ത വാർത്തകളോ ലേഖനങ്ങളോ പ്രസിദ്ധീകരിക്കുന്നതല്ല. ഈ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുവാനും വരിക്കാരാകുവാനും വായനക്കാർക്ക് ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് – വർഗീസ് മാത്യു. ചീഫ്–ഇൻ–ഓപ്പറേഷൻസ്– 215 544 1233.**

**വാർത്തകൾ അയയ്ക്കേണ്ട ഈ മെയിൽ** E-mail.us.tribunemail@gmail.com


**Trinity**
**Life Change Church International**
(Affiliated by Reaching Indian Ministries International )

**Located at: 2001 W. Pioneer Pkwy, Grand Prairie. Texas- 75051.**

The Church

The Trinity Life Change Church International, is a Bible-believing, Spirit-filled, Ecumenical, Growing, Progressive and Loving Church committed to the full Gospel of Jesus Christ, a beacon of light for the lost in this community. Our vision is to exalt Jesus. Our passion is souls. Our mission is to equip men and women for the successful Christian living. Our vision is to spread the gospel through the Word of God.




**Our Beliefs:** One God There is one God: The Father, the Son, and the Holy Spirit; who subsist in unity, and also as three separate distinct Persons (John 14:7–16; Genesis 1 )

**Worship Timings:**
Sunday Morning Worship at 10am
Sunday Evening worship at 6pm
Wednesday evening Worship at 7pm which includes intense Bible study of a biblical Character or subject.
Friday night 6:30pm is designed to those who are struggling with any kind of doubts or addictions and offers Godly solutions to those in need.

**Do you need help in these... Are you experiencing…**
**Parenting Issues**
**Relationship problems**
**Dating Issues or Arranged marriage**

**Trinity Life Change Church** is a non-profit Christian organization dedicated to Indian families in the USA and the world through counseling, education, seminars, consultation.

For free guidance, marital/Pre-marital counseling, and confidential consultation or seminars please contact:
2001 W. Pioneer Pkwy, Grand Prairie, TX- 75051.
Tel: 215 544 1233



# പ്രശ്നങ്ങളും പരിഹാരങ്ങളും

**ജോർജ് ചെറിയാൻ.**

ജീവിതത്തിൽ പ്രശ്നങ്ങൾ നേരിടാത്തവരായി ആരുമില്ല. അവ വിവിധ രീതികളിലായിരിക്കും എന്നു മാത്രം. പലരും അവരുടെ പ്രശ്നങ്ങൾ വെളിപ്പെടുത്തുകയില്ല. ഉള്ളിലൊതുക്കി നീറിപ്പുകഞ്ഞു നടക്കും. ജീവിതത്തിൽ ശാരീരികമായും മാനസികമായും ക്ലേശങ്ങൾ അനുഭവിച്ച ഒരു വ്യക്തിയുടെ ആത്മ കഥയമാണ് അൻപത്തഞ്ചാം സങ്കീർത്തനം .''എന്റെ ഹൃദയം എന്റെ ഉള്ളിൽ വേദനപ്പെട്ടിരിക്കുന്നു. ഭയവും വിറയലും എന്നെ പിടിച്ചിരിക്കുന്നു. പരിഭ്രമം എന്നെ മൂടിയിരിക്കുന്നു'' (സങ്കീ. 55. 4-5) ഇതിൽ ദാവീദിനെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. സ്വന്തം മകനായ അബ്ശാലോം ദാവീദിനെതിരായി സൈന്യസന്നാഹങ്ങൾ ഒരുക്കി ഭീഷണി മുഴക്കിയ സന്ദർഭമാണത്. ദാവീദിന്റെ വിശ്വസ്തരായ അനുയായികളും സേവകരും മറു പക്ഷത്തു ചേർന്നത് അദ്ദേഹത്തെ കൂടുതൽ നിരാശനും അസ്വസ്ഥനുമാക്കി. കൂറുമാറ്റവും കുതികാൽവെട്ടും രാഷ്ട്രീയത്തിൽ അന്നുമുള്ളതാണെന്നു സംഭവങ്ങൾ വെളിവാക്കുന്നു. ദാവീദു സ്വന്തം മകന്റെ വെല്ലുവിളിയും വിപ്ലവാഹ്വാനവും സ്നേഹിതരും മിത്രങ്ങളും തന്നെ ഒറ്റിക്കൊടുക്കുന്നതും നഗരത്തിൽ മുഴുവൻ ഭീതിയും ഭീഷണിയും അരാജകത്വവും നടമാടുന്നതും മറ്റുമാണ് കാണാൻ കഴിഞ്ഞത്.

പ്രശ്നങ്ങളിൽനിന്നും പ്രതികൂലങ്ങളിൽനിന്നും ഒളിച്ചോടുവാനായിരുന്നു ദാവീദിന്റെ ശ്രമം എന്നു വേണം കരുതുവാൻ. ഡോ. പോൾ ടൂർണിയർ എന്ന മന:ശാസ്ത്ര വിദഗ്ധൻ ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നത് ഇങ്ങനെയാണ്. പ്രശ്നങ്ങളെ അഭിമുഖികരിക്കുന്നത് പലവിധത്തിലാണ്. ചിലർ സ്പ്നലോകത്തിലേക്കു പലായനം ചെയ്യുന്നു.മനസ്സിന്റെ കൊടുംപിരിക്കൊണ്ട അനുഭവത്തെ നമ്മുടെ സ്വപ്നങ്ങൾ ലാഘവപ്പെടുത്തിത്തരുന്നുണ്ട്. അതുകൊണ്ടു ചിലർ യാഥാർത്ഥ്യങ്ങളെ നേരിടാതെ സങ്കല്പലോകത്തിൽകൂടി ദിവാസ്വപ്നങ്ങളിൽ മുഴുകി കഴിയുന്നു.

മറ്റു ചിലർ ഭൂതകാലസ്മരണകളിലേക്ക് പോകുന്നു. ഭർതൃഭവനത്തിലെ പ്രശ്നങ്ങളെ ഉചിതപൂർവം നേരിടുന്നതിനു പകരം തന്റെ സ്വന്തം വീട്ടിലും, തന്റെ കഴിഞ്ഞ ജീവിതത്തിലും ഉള്ള പൊങ്ങച്ചങ്ങൾ അയവിറക്കുന്ന ചില സ്ത്രീകളെ കണ്ടെന്നുവരാം. അതുപോലെ പലരെയും മറ്റു മണ്ഡലങ്ങളിലും കണ്ടുമുട്ടാം.

ചിലർ രോഗത്തിലേക്കു വഴുതിമാറുന്നു. പലവിധ രോഗങ്ങളാൽ വീർപ്പുമുട്ടുന്നവർ, ഇഷ്ടമില്ലാത്ത ചുറ്റുപാടിൽ ജീവിക്കുമ്പോൾ ആസ്ത്മാ ബാധിക്കുന്നവർ ഇങ്ങനെ പലരുമുണ്ട് ഈ കൂട്ടത്തിൽ.

ചിലർ നിഷ്ക്രിയത്വത്തിലേക്കു നീങ്ങുന്നു. ഒന്നും ചെയ്യാൻ ഉത്സാഹമില്ലാതെ നിശബ്ദരായും നിഷ്ക്രിയരായും ഇരിക്കുന്ന അനുഭവമാണു ചിലർക്കുണ്ടാകുന്നത്.

ചിലർ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തിരിയുന്നു. മദ്യത്തിനടിമയായ ഒരാൾ മദ്യക്കുപ്പിയും മുമ്പിൽ വച്ചുകൊണ്ടു പറയുകയാണ് 'ഈ സാധനം (വിസ്കി) ഞാൻ വെറുക്കുന്നു. ഒരുനാൾ ഇതെന്നെ വകവരുത്തുമെന്നും എനിക്കറിയാം. പക്ഷേ അൽപമെങ്കിലും ജീവിക്കുവാൻ സാധിക്കുന്നത് ഇതുകൊണ്ടു മാത്രമാണണ്'. മറ്റു ചിലർ ആത്മഹത്യയിലേക്കു ഓടിപ്പോകുന്നു. പ്രശ്നങ്ങളെയും സാഹചര്യങ്ങളെയും നേരിടുവാൻ ധൈര്യപ്പെടാതെ ആത്മഹത്യക്ക് വഴിവെക്കുന്നവർ വളരെയധികമുണ്ട്.

നമുക്ക് നമ്മുടെ ഉടയവനും പരിപാലകനുമായ കർത്താവിന്റെ മുമ്പിൽ മുട്ടുമടക്കി പ്രാർത്ഥനയ്ക്ക് അവസരമൊരുക്കാം. ഭാരങ്ങൾ വഹിക്കുവാനും, പ്രശ്നങ്ങൾ നേരിടാനും നാം അപ്പോൾ പ്രാപ്തരായിത്തീരും. ■

# കടുകു വീണാൽ

**എസ് മാമൂടൻ.**

വീട്ടിൽ നിന്നും ഒന്നും കൊണ്ടുവന്നില്ലെങ്കിലും ഇത്രയും നല്ല അമ്മായിയമ്മയെ കിട്ടിയതിന് മെർലിൻ ദൈവത്തിന് നന്ദി പറഞ്ഞു. സ്ത്രീധനത്തിന്റെ പേരിൽ ഇന്ന് എത്ര പേരാണ് തമ്മിലടിക്കുന്നത്. വിവാഹം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടെങ്കിലും ഇതുവരെയും ഒരു അധിക സംസാരരീതികൾ കേൾക്കാനിടയാകാത്തതിൽ ആരോടാണ് നന്ദി പറയുക. പ്രശംസ മുഴുവൻ ആർക്കാണു സമർപ്പിക്കുക. ആഹാരം പാകപ്പെടുത്തുന്നതിനിടയിൽ മെർലിൻ മനസ്സിൽ വന്നത് ഓരോന്നും ഓർത്തു.

''മോളേ നമ്മൾ മറ്റുള്ളവരുടെ കുറ്റവും കുറവും പറയാൻ നിന്നാൽ അതിനെ നേരമുണ്ടാവുകയുള്ളു എന്ന് അമ്മായിയമ്മ പറഞ്ഞത് മെർലിൻ ഓർത്തു''.

''മേളേ കറി തിളച്ചെന്നു തോന്നുന്നു'' അമ്മായിയമ്മ അരിപ്പെട്ടിയുടെ മുകളിലിരുന്ന് തൈര് കടഞ്ഞെടുക്കുന്നതിനിടയിൽ വിളിച്ചുപറഞ്ഞു.

അത് ഞാൻ നോക്കികൊള്ളാം അമ്മച്ചി. മെർലിൻ കടുക് പൊട്ടിക്കുന്നതിനുള്ള പാത്രം കഴുകിയെടുക്കുന്നതിനിടയിൽ പറഞ്ഞു. കറിപ്പൊടിയുടെ ടിന്നുകളും കുപ്പികളും അടുപ്പിന് സമീപമുള്ള കാർബോഡിലിരുന്നത് എടുക്കുന്നതിന് പ്രയാസമുണ്ടായിരുന്നില്ല. മുളക് പൊടിയും, മല്ലിപൊടിയും ഒഴികെ ബാക്കിയെല്ലാം കൃത്രിമ പൊടികളാണെന്ന് മെർലിനറിയാം.

അമ്മച്ചി ഇന്നത്തെ കാലത്ത് ഒരു മസാലപ്പൊടിയും വിശ്വസിച്ച് ഉപയോഗിക്കാൻ കൊള്ളില്ല എന്ന് പറഞ്ഞ് അവൾ കാർബോഡിൽ നിന്നും കുടക് നിറച്ച കുപ്പിയെടുത്തു. ധൃതിക്കിടയിൽ കുപ്പിയുടെ അടപ്പിൽമാത്രമായി പിടിമുറുക്കിയത് അബദ്ധമായി. താഴേക്ക് വീണ കുപ്പി ചിന്നിചിതറി.

''മോനെ കുഞ്ഞുട്ടിയെ, കുഞ്ഞൂട്ടി'' അമ്മായിയമ്മ എണീറ്റ് നിന്ന് ഇത്രയും ശബ്ദത്തിൽ വിളിച്ചു കൂവുമെന്ന് മെർലിൻ പ്രതീക്ഷിച്ചതല്ല. എല്ലാം തകർന്നുപോയ ഒരവസ്ഥപോലെ നെഞ്ചത്തുകൈവച്ച് എന്നാലും നീ അതു ചെയ്തല്ലോടി എന്ന് പറഞ്ഞ അമ്മായിഅമ്മയുടെ സ്വരമാറ്റം ഞെട്ടലോടെ മെർലിൻ ഉൾക്കൊണ്ടു. താഴെ വീണ കടുകുകൾ പരമാവധി എടുക്കുന്നതിന് അവൾ ശ്രമിച്ചു.

''നീയത് കളയെടീ ഈ വീട്ടിൽ ഇതേവരെ സംഭവിക്കാത്ത കാര്യത്തിന് ഓരോന്ന് ഒപ്പിച്ചോ. നിനക്ക് വല്ലതും അറിയുമോ''. അമ്മായിയമ്മയുടെ മുഖം കോപം കൊണ്ട് ജ്വലിക്കുന്നത് അവൾ ആദ്യമായി കണ്ടു. കടുക് നിലത്തു വീണാൽ അവിടെ കലാപമെന്ന പൊതുവിലുള്ള സംസാരം. ഒരു പക്ഷേ ഇവിടെ ഇതുതന്നെ മതിയാകും. അവളുടെ അമ്മായിയമ്മ പറഞ്ഞു.

മെർലിൻ പിന്നീടൊന്നും ശ്രദ്ധിച്ചില്ല. കഴിയുന്നതും നിലത്തുകുത്തിയിരുന്ന് കടുകുകൾ ശേഖരിക്കാൻ ശ്രമിച്ചു.

''എടീ നിന്നോടല്ലേടീ ഞാൻ പറഞ്ഞത്'' അമ്മായിയമ്മ ചൂലെടുത്ത് കടുക് അടിച്ചുവാരുന്നതിന് അവളെ തള്ളിമാറ്റി.

''ഇത് ശരിയല്ല അമ്മേ എന്ന് പറഞ്ഞ് മെർലിനും ചൂലിന് കയറി പിടിച്ചു. പിടിവലിയും ബഹളവും മൂർച്ചിച്ചു. മെർലിൻ ചൂലെടുത്ത് ദൂരെ എറിഞ്ഞു.

''കുഞ്ഞൂട്ടിയെ, എടാ മോനെ, ഓന്നോടി വായോ'' ഇവള് കാണിക്കുന്നതു കണ്ടോടാ. അമ്മായിയമ്മ മകൻ കുഞ്ഞുട്ടിയെ വിളിച്ചുകൂകിയത് എല്ലാവരും കേട്ടു. അന്നുവരെ ഉള്ളിൽ ഒരുക്കിവെച്ചിരുന്ന വെറുപ്പും, വിദ്വേഷവും എല്ലാം കിതയ്ക്കുന്നതുവലെ ഇരുവരും വിളിച്ചുപറഞ്ഞു.

ബഹളം കേട്ട് കുഞ്ഞൂട്ടി ഓടിയെത്തി. ഇതെന്തൊരു കഷ്ടം ഒന്ന് നിർത്തിക്കൂടെ. അവൻ ഇരുവരെയും ശാസിച്ചിരുത്തി.

കുടകിന്റെ ചരിത്രം അമ്മ വിശദീകരിച്ചതുകേട്ട് കുഞ്ഞൂട്ടിക്ക് ചിരി വന്നു. എന്റമ്മേ ഇതെന്നാലും കുറച്ചു ഭയങ്കരമായിപ്പോയി. ഈ കടുകു താഴെ വീഴുന്നതുകൊണ്ട് എന്താണ് സംഭവിക്കുന്നതെന്ന് ഇതുവരെ മനസ്സിലായില്ലേ. താഴെ വീഴുന്ന കടുകെല്ലാംകൂടി വാരിയെടുക്കുമ്പോൾ എത്രയായാലും കല്ലും മണ്ണുമെല്ലാം കലരും. വാസ്തവത്തിൽ അത് സംഭവിക്കാതിരിക്കാൻ ആളുകൾ പറഞ്ഞുണ്ടാക്കിയ തന്ത്രമല്ലേ ഇത്. ഇത് കൂറെ കഷ്ടമായിപ്പോയി. ഇതിന്റെ പേരിൽ രണ്ടുപേരുംകൂടി കലഹിച്ച് മറ്റുള്ളവരെക്കൊണ്ട് പറയിപ്പിച്ചില്ലേ കുഞ്ഞൂട്ടിയുടെ സംസാരം ഏകദേശം തീർന്നതും അവന്റെ അമ്മ കണ്ണുനീർ തുടച്ചു. മെർലിൻ കൂഞ്ഞൂട്ടിയെ സൂക്ഷിച്ചുനോക്കി. അങ്ങ് ഇവിടെ സമയത്ത് ഉണ്ടായിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കില്ലായിരുന്നു എന്ന് അവളുടെ നോട്ടത്തിൽ കൂഞ്ഞൂട്ടി ഗ്രഹിച്ചു. ■











# ലൈഫ് ചേഞ്ച് ഫൗണ്ടേഷൻ മിനിസ്ട്രിയിലേക്ക് സ്വാഗതം

ലൈഫ് ചേഞ്ചിങ്ങ് ഫൗണ്ടേഷൻ അമേരിക്കയിലെ പെൻസിൽവേനിയ സ്റ്റേറ്റിൽ ഫിലാഡൽഫിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ മിഷൻ സംഘടനയാണ്. ഇന്തോ-എഷ്യൻ സമൂഹത്തിനുവേണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങളും, ക്രൈസ്തവ അടിസ്ഥാനത്തിലുള്ള ആത്മീയ സുവിശേഷ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു. അമേരിക്കയിലും ഇന്ത്യൻ ഏഷ്യൻ സമൂഹത്തിലും നിരവധി സാമൂഹിക പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്. ഇന്ത്യയിൽ സാമൂഹിക, വിദ്യാ ്യാസ, സുവിശേഷ മേഖലകളിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ലൈഫ് ചേഞ്ച് ഫൗണ്ടേഷന്റെ സഹോദരസ്ഥാപനമായ സെർവ് ഇന്ത്യാ എന്ന രജിസ്ട്രേർഡ് സംഘടനയുടെ നേതൃത്വത്തിലാണ് കേരളത്തിലും മറ്റ് നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിലും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. നിർദ്ദനരും, സാധുക്കളുമായ കുഞ്ഞുങ്ങൾക്ക് വിദ്യാ ്യാസ സഹായങ്ങൾ, മോട്ടിവേഷനൽ ട്രെയിനിങ്ങ്, സാന്ത്വന ഹോമുകൾ, മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ മടക്കിക്കൊണ്ടുവരുവാനുള്ള കൗൺസിലിംഗ് സെന്ററുകൾ തുടങ്ങിയവ ഈ പ്രവർത്തനത്തിന്റ ാഗങ്ങളാണ്. അമേരിക്കയിലെ ഇന്ത്യൻ കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് യുവജനങ്ങൾക്കുവേണ്ടിയും, മാനസിക, സാമൂഹിക പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന വ്യക്തികൾക്കുവേണ്ടി കൗൺസിലിംഗും മറ്റു സഹായങ്ങളും ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്വം വഹിക്കാനും, അമേരിക്കയിലെയും ഇന്ത്യയിലെയും ആത്മീയപ്രവർത്തനങ്ങളിൽ സഹകരിക്കുവാനും സഹായിക്കുവാനും താല്പര്യമുള്ളവർ ഞങ്ങളുമായി ബന്ധപ്പെടുക. ലൈഫ് ചേഞ്ചിങ്ങ് ഫൗണ്ടേഷനും, സെർവ് ഇന്ത്യയും, അമേരിക്കയിലും, ഇന്ത്യയിലും, അംഗീകൃത രജിസ്ട്രേർഡ് നോൺ പ്രോഫിറ്റ് ഓർഗനൈസേഷൻ ആണ്. കൗൺസിലിംഗിനും, മോട്ടിവേഷനൽ ട്രെയിനിങ്ങിനും വേണ്ടി പ്രശസ്തരായ ഡോക്ടർമാർ അടങ്ങിയ ടീം, ഫിലാഡൽഫിയയിലും, ടെക്സസിലെ ആർലിങ്ങ്ടണിലും, കേരളത്തിൽ കോട്ടയത്തും, തിരുവനന്തപുരത്തും പ്രവർത്തിച്ചുവരുന്നു.

നിങ്ങൾക്കു ഞങ്ങളെ എങ്ങനെ സഹായിക്കാം?. ഇന്ത്യയിൽ വിവിധ ഗ്രാമങ്ങളിൽ ആത്മാക്കളെ നേടുവാൻ മിഷൻ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുകയും ഒരു മിഷനറിയെ സ്പോൺസർ ചെയ്യുകയും ചെയ്യുക. നിങ്ങളുടെ കുട്ടിയോടൊപ്പം തന്നെ നിർദ്ദനരായ കുട്ടിയെ സഹായിക്കുക. നമുക്ക് കടന്നുചെല്ലുവാൻ കഴിയാത്ത മേഖലകളിൽ സുവിശേഷപ്രവർത്തകരെ എത്തിച്ചുകൊടുക്കുക. ലിറ്ററേച്ചർ പ്രവർത്തനങ്ങളിൽ സഹായിക്കുക, സ്റ്റേറ്റുകളിൽ വോളന്റിയർമാരായി സേവനം ചെയ്യുക.